**SYRO MALBAR CULTURAL ASSOCIATION, KUWAIT**

# ഇരുപത്തിഏട്ടാമത് ഭരണസമിതിയുടെ (Year 2023-2024)
# വാർഷിക പ്രവർത്തന റിപ്പോർട്ട്

**ഈശോ മിശിഹാക്ക് സ്തുതിയായിരിക്കട്ടെ**

**ഈശോയിൽ സ്നേഹം നിറഞ്ഞ സംസാ കുടുംബാഗങ്ങളെ ,**

**ആമുഖം**

ക്രിസ്തുവിന്റെ പ്രിയ ശിഷ്യനായ മാർത്തോമാ ശ്ലീഹായാൽ സ്ഥാപിതമായ മാർത്തോമാ നസ്രാണി സുറിയാനി സഭ. എന്റെ കർത്താവേ എന്റെ ദൈവമേ എന്ന് ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ടും നമുക്കും അവനോടൊപ്പം പോയി മരിക്കാം എന്നു പറഞ്ഞു കൊണ്ടും മുന്നോട്ടുവന്നു ക്രിസ്തുവിലുള്ള വിശ്വാസ തീക്ഷണത പ്രകടിപ്പിച്ച വിശുദ്ധ തോമായുടെ മക്കൾ ഉപജീവനം തേടി കുവൈറ്റിൽ എത്തപ്പെട്ടപ്പോൾ തങ്ങളുടെ പൂർവികരിൽ നിന്നും തങ്ങൾക്ക് ലഭിച്ച വിശ്വാസ പൈതൃക പാരമ്പര്യ മൂല്യങ്ങൾ മുറുകെപ്പിടിച്ച് ജീവിക്കണമെന്നും അത് തങ്ങളുടെ മക്കൾക്ക് പകർന്നു കൊടുക്കണം എന്ന വലിയ ആഗ്രഹത്തോടെ ഒരു വിത്ത് മനസ്സിൽ പാകി മുളപ്പിച്ച് അതിനെ കുവൈറ്റിന്റെ മണ്ണിൽ  നട്ടു പരിപാലിച്ചു വളർത്തി രൂപം കൊടുത്ത SMCA കുവൈറ്റ്. തന്റെ അമ്മായപ്പൻ നാടുകളെ മേയ്ക്കുവാൻ മരുഭൂമിയിലേക്ക് പോയ മോശ മലമുകളിൽ കത്തുന്ന മുൾപടർപ്പിൽ ദൈവത്തിന്റെ സ്വരം കേട്ട് ഒരു സ്വാതന്ത്ര്യസമരത്തിന് നേതൃത്വം കൊടുത്തതുപോലെ മണലാരണ്യത്തിൽ ജീവിതം കരിപ്പിടിക്കാൻ പോയവർ ഏറ്റെടുത്ത മറ്റൊരു സ്വാതന്ത്ര്യസമരം. ഇസ്രയേൽ ജനത്തെ ഈജിപ്തിന്റെ അടിമത്വത്തിൽ നിന്നും വാഗ്ദത്ത നാട്ടിലേക്ക് നയിച്ച മോശയും പോലെ ഈ സംഘടനയെ മുൻകാലങ്ങളിൽ നയിച്ച മുൻകാല പ്രവർത്തകരെ നന്ദിയോടെ ഓർത്തുകൊണ്ട് ഇരുപത്തി എട്ടാമത് ഭരണസമിതിയുടെ പ്രവർത്തന റിപ്പോർട്ട് വിനയപുരസ്കാരം അവതരിപ്പിക്കട്ടെ

**അനുശോചനങ്ങൾ.**

കുവൈറ്റ് ആമിർ ആയിരുന്ന ഷേഖ് നവാഫ് അൽ ജാബർ അൽ സബ, നോർത്തേൺ അറേബ്യൻ വികാരിയേറ്റ് വികാരി ജനറാളും സിറോ മലബാർ കോഡിനേറ്ററുമായ ബഹുമാനപ്പെട്ട ഫ്രാൻസിസ് കുന്നേൽപുരയിടം അച്ചൻ, കാർഡിനാൽ മാർ ജോർജ് അലഞ്ചേരി പിതാവിന്റെ സഹോദരി REV സിസ്റ്റർ ചെറുപുഷ്പം അലഞ്ചേരി, സാൽമിയ സെന്റ് തെരേസ ചർച്ച അസിസ്റ്റന്റ് വികാരി ഫാദർ ജോൺസൺ നെടുമ്പുറത്തിന്റെ ആന്റി, SMCA ട്രെഷർ ശ്രീ ജോർജ് തെക്കേലിന്റെ സഹോദരഭാര്യ, അദ്ദേഹത്തിന്റെ ഭാര്യയുടെ അമ്മയുടെ സഹോദരി പുത്രി സിസ്റ്റർ സോജാ,  SMCA ബാലദീപ്തി പ്രസിഡന്റ് മാസ്റ്റർ ഇമ്മനുവേൽ ജൈബിയുടെ മാതൃ പിതാവ്, SMYM സെൻട്രൽ ട്രെഷർ, SMYM അബ്ബാസിയ ഏരിയ കൺവീനർ എന്നി നിലകളിൽ   വേണ്ടി സുത്യർഹമായ സേവനം ചെയ്ത ശ്രീ നോബിൾ ഡേവിസ് മേലേപ്പുറം, അബാസ്സിയ ഏരിയ സെന്റ് ചാവറ യൂണിറ്റ് അംഗമായിരുന്ന ശ്രീ ആൽബിൻ ജോസഫ്, SMCAKRF അജീവനാന്ദ അംഗവും SMCA ഏരിയ ജനറൽ കൺവീനർ, മലയാളം ക്ലാസ്സുകളുടെയും SMCA വിശ്വാസപരിശിലന ക്ലാസ്സുകളുടെയും പ്രഥമ അദ്ധ്യാപകൻ ആയിരുന്ന ശ്രീ ഡിജേഷ്  ജോർജ് നേടിയാനി, സജിവാഗമായ ജോമി ജോസഫ് കാവുങ്ങൽ, ശ്രീ സജി വർഗീസ് കോട്ടക്കുഴിയിൽ, അബ്ബാസിയ ഏരിയായിലെ സജിവാഗം ഷിന്റോ സെബാസ്റ്റ്യൻ പടിഞ്ഞാറെകുറ്റിന്റെ

മകൻ റയോൺ, മുൻ അംഗമായിന്ന അബ്ബാസിയ ഏരിയായിലെ ജോർജി മാത്യു, പ്രിൻസി സന്തോഷ്, മുൻ സജീവാഗമായിരുന്ന സോണി സണ്ണി, സിറ്റി ഫർവാനിയ ഏരിയായിലെ സിറീയക് ജോർജ്, CMC അംഗം ശ്രീ സാബു മാത്യു ചാണ്ടികാലായിലിന്റെ പിതാവ് എം ഓ മത്തായി, സാൽമിയ ട്രെഷർ ഡിസിൽവ ജോണിന്റെ സഹോദരീ ലിജി റോസ് ജോസ്, അബ്ബാസിയ ഏരിയ ട്രെഷർ ശ്രീ റിജോ ജോർജിന്റെ ഭാര്യ മാതാവ്, ഫഹാഹീൽ സോൺ 2 കൺവീനർ ശ്രീ ടോമി ചൂനാട്ടിന്റെയും, , മുൻ ഏരിയ കൺവീനർ ജോസ് മാത്യു ചൂനാട്ടിന്റെയും മാതാവ് എലികുട്ടി മത്തായി, സാൽമിയ സോഷ്യൽ വെൽഫെയർ കമ്മിറ്റി കൺവീനർ അലക്സാണ്ടർ മാത്യുവിന്റെ സഹോദരൻ ലൗലിച്ചൻ പി കെ, , മുൻ സെൻട്രൽ ട്രെഷർ ശ്രീ ജോസ് മത്തായിയുടെ പിതാവിന്റെ സഹോദരൻ, , മുൻ CMC അംഗവും സിറ്റി ഫർവാനിയ ഏരിയ സോൺ 1 കൺവീനർ ശ്രീ ജിനോ മഞ്ഞളിയുടെ മാതാവ്, മുൻ CMC അംഗവും സിറ്റി ഫർവാനിയ ഏരിയ സോൺ 2 ട്രഷറും ആയ ജിസ്മോന്റെ ഭാര്യ പിതാവ്, മുൻ പ്രസിഡന്റ് ശ്രീ ജോൺസൻ നിലാകാവിലിന്റെ മാതാവ് ത്രേസാമ്മ ദേവസി, മുൻ വൈസ് പ്രസിഡന്റ് സോണിമോൻ താഴമടത്തിലിന്റെ ഭാര്യ ശ്രീമതി ജെസ്സിയുടെ സഹോദരീ ചിന്നമ്മ ജോസഫ്, മുൻ പ്രസിഡന്റ് സോജി പിറ്ററിന്റെ ഭാര്യ ശ്രീമതി ലിൻസിയുടെ പിതാവ് മാത്യു ജോസഫ് വലിയ വീട്ടിൽ, ഫൗണ്ടർ മെമ്പർ ശ്രീ സൈജു മുളകുപാടത്തിന്റെ ഭാര്യസഹോദരി , മുൻ CMC അംഗവും സാൽമിയ ഏരിയ കൺവീനറുമായിരുന്ന ബോബി സെബാസ്റ്റ്യന്റെ മാതാവ് മുൻ അബ്ബാസിയ ഏരിയ കൺവീനർ ശ്രീ സാബു സെബാസ്റ്റ്യൻ വടയാട്ട്കുന്നേലിന്റെ ഭാര്യപിതാവ്, മുൻ സെൻട്രൽ ആർട്ട്സ് & സോഷ്യൽ കൺവീനർ ശ്രീ ലിജോ അറക്കലിന്റെ പിതാവ് മുൻ CMC അംഗമായിയുന്ന കുഞ്ഞച്ചൻ ആന്റണിയുടെ സഹോദരൻ തങ്കച്ചൻ ആന്റണി, മുൻ CMC അംഗം ശ്രീ ജോഫി പോളിന്റെ പിതാവ് കെ ജെ പൗലോസ്, മുൻ CMC അംഗം ജോസഫ് വടക്കന്റെ ഭാര്യ ശ്രീമതി ഇന്ദുവിന്റെ അമ്മയും SMCA കുവൈറ്റ് ആദ്യകാല പ്രവർത്തകയുമായ അനി ജോർജ്, SMCAKF ട്രെഷർ ശ്രീ ജോർജ് ചാക്കോയുടെ ഭാര്യമാതാവ് SMCANA നോർത്ത് അമേരിക്കയുടെ പ്രസിഡന്റ് ശ്രീ കെ എം ചെറിയാന്റെ മാതാവ് മുൻ ചീഫ് ഇലക്ഷൻ കമ്മിഷണർ അബ്ബാസിയ ഏരിയ കൺവീനറുമായ ജോസ് തോമസ് പുത്തൻപുരക്കലിന്റെ അമ്മ കത്രിനാ തോമസ്,മുൻ സെൻട്രൽ ഓഡിറ്റർ സുരേഷ് ജോർജിന്റെ ഭാര്യ പിതാവ്, SMYM മുൻ സെക്രട്ടറി ബിബിൻ മാത്യുവിന്റെ ഭാര്യപിതാവ്, മുൻ SMCA ട്രെഷററും KRF വൈസ് പ്രസിഡന്റ്മായ ഷാജി മാങ്കുഴികരിയുടെ ആന്റി സിസ്റ്റർ മിൽഡ്രഡ് മാങ്കുഴിക്കരി, SMCA പ്രാഥമികാഗമായ പാലാ ഇടമറുക് ഇടവക ശ്രീ ആന്റണി, ശ്രീ ജിനേഷ് തോമസ് പരമറ്റത്തിൽ, ശ്രീ ജോസഫ് ചരുവംപുറം, ശ്രീ ജിസോ ജോസ് കണ്ണബുഴ, ശ്രീമതി ദീപ്തി മാത്യു, മുൻ മുഖ്യമന്ത്രി ശ്രീമാൻ ഉമ്മൻ ചാണ്ടി എന്നിങ്ങനെ നമ്മുടെ ബന്ധുമിത്രദികളും സമൂഹത്തിലെ അറിയപ്പെടുന്ന വ്യക്തിതങ്ങളും ആയ നിരവധി പേർ ഈ കാലയളവിൽ ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടു. അവരുടെ പാവന സ്വമരണക്കു മുൻപിൽ ശിരസ്സ് കുനിക്കുകയും ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**അഭിനന്ദനങ്ങൾ**

കുവൈറ്റിന്റെ പുതിയ ആമിർ ആയ ചുമതലയേറ്റ ഷെഖ് മിഷേൽ അൽ അഹമ്മദ് അൽ അഹമ്മദ് അൽ സബഹ്, സിറോ മലബാർ സഭയുടെ തലവൻ ആയി തിരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ്, അഭിവന്ദ്യ കാമിലോ ബാലിൻ പിതാവിന്റെ

അക്സ്മിക നിര്യണത്തെ തുടർന്ന് ഒഴിവു വന്ന നോർത്തേൺ അറേബ്യയുടെ അപോസ്തോലിക് വികാർ ആയി നിയമതിനായ ബിഷപ്പ് അൽദോ ബെറാഡി, മെൽബൺ രൂപതയുടെ ബിഷപ്പ് ആയി ചുമതയേറ്റ അഭിവന്ദ്യ മാർ ജോൺ പനത്തോട്ടിൽ, ഗോരഖ്പൂർ രൂപതയുടെ നീയുക്ത ബിഷപ്പ് മാർ മാത്യു നെല്ലിക്കുന്നേൽ പിതാവ് എന്നിവർക്ക് എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നതോടൊപ്പം ദൈവജനത്തെ വിശുദ്ധിയിലും ഐക്യത്തിലും നയിക്കാനുള്ള കൃപ സർവ്വശക്തൻ ഇവർക്ക് നൽകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു

## വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും

SMCA കുവൈറ്റിന്റെ 27 ഭരണസമിതിയുടെ വാർഷിക പൊതുയോഗം MAY 12 2023 വൈകിട്ട് 6 15ന് ഇമ്പിരിയൽ ഹാളിൽ വച്ച് ചേരുകയുണ്ടായി. അബ്ബാസിയ ഏരിയ കൺവീനർ ശ്രീ ബോബി കയ്യാലപ്പറമ്പിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ SMCA വൈസ് പ്രസിഡണ്ട് ശ്രീ ബോബിൻ ജോർജ് സ്വാഗതം ആശംസിച്ചു. തുടർന്ന് ജനറൽ സെക്രട്ടറി ശ്രീ ഷാജിമോൻ ഈരേത്ര വാർഷിക റിപ്പോർട്ടും ട്രഷറർ ശ്രീ ജോസ് മത്തായി വാർഷിക കണക്കുകളും യോഗത്തിൽ അവതരിപ്പിക്കുകയും പൊതുയോഗം അംഗീകാരം നേടുകയും ചെയ്തു. തുടർന്ന് SMCA പ്രസിഡണ്ട് ശ്രീ സാൻസിലാൽ ചക്കിയാത്തു വിടവാങ്ങൽ പ്രസംഗം നടത്തി. ഈ കഴിഞ്ഞ കാലയളവിൽ സംഘടന വളരെ മനോഹര രീതിയിൽ മുന്നോട്ട് നയിക്കാൻ സാധിച്ചതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിക്കുകയും താങ്ങായി നിന്ന എല്ലാവർക്കും നന്ദി അർപ്പിക്കുകയും ചെയ്തു.

പ്രവർത്തകസമിതി അംഗീകരിച്ച നിയമാവലി ഭേദഗതികൾ യോഗത്തിൽ അവതരിപ്പിക്കുകയും ഭേദഗതികളോട് പൊതുയോഗം അത് അംഗീകരിക്കുകയും ചെയ്തു .തുടർന്ന് ജോയിന്റ് സെക്രട്ടറി ശ്രീ ജിജിമോൻ കുരിയാള എല്ലാവർക്കും നന്ദി അർപ്പിച്ചു . ചീഫ് ഇലക്ഷന് കമ്മിഷണർ അഡ്വക്കേറ്റ് ബെന്നി നാല്പതാംകളത്തിന്റെ സാന്നിധ്യത്തിൽ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ ആരംഭിക്കുകയും ശ്രീ സുനിൽ റാപ്പുഴയുടെ നേതൃത്വത്തിൽ ഇരുപത്തിയെട്ടാമതു ഭരണസമിതി സത്യപ്രതിജ്ഞ ചെയ്തു അധികാരം ഏറ്റെടുക്കുകയും ചെയ്തു . ഇരുപത്തിയെട്ടാമതു ഭരണസമിതിയെ ഇവർ നയിക്കും.

| SMCA - 28th Central Management Committee | | | |
|---|---|---|---|
| Position | | Area | Mobile |
| President | Sunil Joseph Rappuzha | Abbassiya | 66620132 |
| General Secretary | Binu Gregory Padinjareveedu | Abbassiya | 66357161, 69691805 |
| Treasurer | George Augustine Thekkel | Fahaheel | 65891003 |
| Vice President | Boby Thomas Kayalaparampil | Abbassiya | 65674946 |
| Joint Secretary | David Antony Chirayath | Abbassiya | 60670403 |
| Joint Treasurer | Thomas Kuriakose Mundianickal | Salmiya | 99426468 |
| Office Secretary | Gijimon Kuriala Kochuchackala | Abbassiya | 99677283 |

| | | | |
|---|---|---|---|
| Cultural Committee | | | |
| Convener | Santhosh Chacko Odattil | Abbassiya | 69945688 |
| Member | Linsu Sebastian Moolacherry | Salmiya | 60306653 |
| Member | Joseph Mathew Vadakedathu | Fahaheel | 99835405 |
| Member | Sam Antony | Abbassiya | 66182098 |
| Social Welfare Committee | | | |
| Convenor | Santhosh Kurian Kalarickal Puthenpurayil | City Farwaniya | 66395347 |
| Member | Joji Joseph Valakalathil | Abbassiya | 65845586 |
| Member | Denny Xavier Vettikuzhichalil | Fahaheel | 97245705 |
| Member | Biju Joseph Kadankuzhil | City-Farwaniya | 98996196 |
| Member | Alex Cyaric Pattara | Salmiya | 66120151 |
| Arts & Sport Committee | | | |
| Convenor | Santhosh Joseph Vadakkemundaniyil | Fahaheel | 99158137 |
| Member | Sabu Mathew Chandikalayil | Abbassiya | 66215328 |
| Member | Simon Francis Kannath | Fahaheel | 67668595 |
| Member | Anson Pathrose Panjikkaran | Abbassiya | 66792964 |
| Member | Panish George Poovathinkal | City-Farwaniya | 60604889 |
| Member | Joseph Joseph Vattavayalil | Salmiya | 66254013 |
| Media Committee | | | |
| Convenor | Sudeep Joseph Menachery | City-Farwaniya | 97794646 |
| Member | Dileesh Augusty Kalappurackal | Abbassiya | 97427356 |
| Member | Biju Devassy Chirackal | Fahaheel | 97747271 |
| Baladeepthi | | | |
| Co-ordinator | Baiju Babu Puthenchira | Abbassiya | 96005247 |
| Area General Convenors. | | | |
| Abbassiya Area General Convenor | Shaju Devassy Thanathan | Abbassiya | 66140517 |
| City Farwaniya Area General Convenor | Sebastian Paul Eramangalath | City Farwaniya | 99027713 |
| Salmiya Area General Convenor | Tom Jose Edayodiyil | Salmiya | 66748536 |
| Fahaheel Area General Convenor. | Ajosh Antony Ajosh Bhavanam | Fahaheel | 97805011, 50203586 |
| SMYM President | | | |
| | Jijil Mathew Vellapillil | Abbassiya | 51034404 |
| SMCA Representative (AKCC) | | | |
| | Bobin George | Abbasiya | 66477098 |

| | | | |
|---|---|---|---|
| SMCA Representative (AKCC) | Antony Manoj Kiriyanthan | Fahaheel | 69922280 |

റെജിമോൻ സേവ്യർ ഇടമനയെ സംഘടനയുടെ ചീഫ് ഇലക്ഷൻ കമ്മീഷണും ശ്രീ ജോസ് മത്തായിയെ ചീഫ് ഓഡിറ്ററായും പൊതുയോഗം തെരഞ്ഞെടുത്തു. പൊതുയോഗത്തിനു ശേഷം സിഎംസി യോഗം ചേരുകയും അങ്ങനെ ഔദ്യോഗികമായി അന്നുമുതൽ തന്നെ നിലവിൽ വരികയും ചെയ്തു

**2023 – 24 പ്രവർത്തന വർഷത്തെ SMYM ഭാരവാഹികൾ**

പ്രസിഡന്റ് - ജിജിൽ മാത്യു

സെക്രട്ടറി - ചിഞ്ചു ചാക്കോ

ട്രെഷർ - ഷിബിൻ ജോസഫ്

മീഡിയ കോഡിനേറ്റർ - സാന്ദ്ര സേവ്യർ

പ്രോഗ്രാം കോഓർഡിനേറ്റർ - നോബിൾ സെബാസ്റ്റ്യൻ

ഏരിയ കൺവീനർസ്

സാന്റോ ആന്റണി  അബ്ബാസിയ

മോബിൻ സെബാസ്റ്റ്യൻ  - സിറ്റി ഫർവാനിയ

ഷെൽവിൻ ജോസ്  - ഫഹാഹീൽ

നാഷ് വര്ഗീസ്  - സാൽമിയ

**2023 – 24 പ്രവർത്തന വർഷത്തെ ബാലദീപ്തി ഭാരവാഹികൾ**

പ്രസിഡന്റ് - ഇമ്മാനുവേൽ റോഷൻ ജൈബി

സെക്രട്ടറി - മെറിസ് മേരി ബിജോ

ട്രെഷർ - ബ്ലെസി മാർട്ടിൻ

വൈസ് പ്രസിഡന്റ് - സിനോ പീറ്റർ

ജോയിന്റ് സെക്രട്ടറി - റയാൻ ടോം ബോബി

ഏരിയ കൺവീനർസ്

ശാലിൻ ഡെന്നിസ് അബ്ബാസിയ

ടിയ റോസ് തോമസ് - സിറ്റി ഫർവാനിയ

മെറ്റിൽഡ അജോ - ഫഹാഹീൽ

അൽവിന ജോബി - സാൽമിയ

## മാതൃസഭ വർഷാചരണവും പ്രവർത്തന വർഷ ഉത്ഘാടനവും

സീറോ മലബാർ സഭയുടെ ഹയരാർക്കി സ്ഥാപനത്തിന്റെ നൂറാം വർഷം SMCA കുവൈറ്റ് മാതൃസഭാ വർഷമായി ആചരിക്കുകയും അതിന്റെ ഔദ്യോഗികമായ ഉദ്ഘാടനം MAY 24 വൈകുന്നേരം 7 PM ന് SMCA അബ്ബാസിയ ഹാളിൽ വച്ച് കുവൈറ്റ് സന്ദർശിക്കുന്ന അദിലാബാദ് രൂപത ബിഷപ്പ് മാർ പ്രിൻസ് ആന്റണി പനങ്ങാടൻ പിതാവ് നിർവഹിക്കുകയും ചെയ്തു.

സീറോ മലബാർ നോർത്തേൺ അറേബ്യൻ എപ്പിസ്കോപ്പൽ വികാരി ഫാദർ ജോണി ജോണിസ് മഴവച്ചേരിയിൽ അച്ചൻ അനുഗ്രഹസന്ദേശം നൽകി 2024 ജനുവരിയിൽ നടക്കുന്ന ക്രിസ്മസ് ന്യൂ ഇയർ ആഘോഷങ്ങളോടെ സമാപിക്കുന്ന വിധത്തിലാണ് വിവിധ പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. അങ്ങയുടെ മേച്ചിൽ സ്ഥലത്തെ ആടുകൾ എന്നും അങ്ങേയ്ക്ക് കൃതജ്ഞത അർപ്പിക്കും എന്ന് വചനഭാഗം ഈ വർഷാ ചരണത്തിന് വിചിന്തന വിഷയമായിരിക്കും. മാതൃസഭവർഷാചരണത്തോട് അനുബന്ധിച്ച് അംഗത്വത്തിൽ 100 ദിവസം കൊണ്ട് 100% വളർച്ച എന്ന് മെമ്പർഷിപ്പ് ക്യാമ്പയിന്റെ ഉദ്ഘാടനവും അഭിവന്ദ്യ പിതാവ് നിർവഹിച്ചു. CMC, ഏരിയ, വാർഡ് പ്രതിനിധികൾ , കുടുബ യൂണിറ്റ് ലീഡർമാർ , സംഘടനാഗംങ്ങൾ എന്നിവർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. അംഗങ്ങൾക്കു പിതാവുമൊത്തുള്ള ഫോട്ടോസ് സെഷനും ഒരുക്കിയിരുന്നു.

## ഒന്നാം മാർത്തോമാ തീർത്ഥാടനം

തോമാശ്ലീഹായുടെ പാദസ്പർശമേറ്റ് പാലയൂരിലേക്ക് SMCA KUWAIT കുവൈറ്റ് റിട്ടേണിംഗ് ഫോറവുമായി ചേർന്ന് നടത്തിയ ഒന്നാം മാർത്തോമ തീർത്ഥാടനം ദുക്റാന തിരുനാൾ ദിനത്തിൽ നടന്നു.സിറോ മലബാർ സഭാസ്ഥാനത്തു നടന്ന തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്തുകൊണ്ടാണ് തീർത്ഥാടനം ആരംഭിച്ചത്. പതാക ഉയർത്തലിനും റാസ കുർബാനയിലും പങ്കെടുത്ത തീർത്ഥാടക സംഘത്തെ കുരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയ പുരക്കൽ പിതാവ് ആശിർവദിച്ചു യാത്രയാക്കി. ചാൻസിലർ ഫാദർ എബ്രഹാം കാവിൽ പുരയിടം, എ കെ സി സി ഗ്ലോബൽ പ്രസിഡണ്ട് അഡ്വക്കേറ്റ് ബിജു പറയന്നിലം, KRF പ്രസിഡണ്ട് ജേക്കബ് പൈനാടത്ത് എന്നിവർ സന്നിഹിതരായിരുന്നു. SMCA വൈസ് പ്രസിഡണ്ട് ശ്രീ ബോബി കയ്യാലപറമ്പിൽ, ബാലദീപ്തി ചീഫ് കോഡിനേറ്റർ ബൈജു ജോസഫ് , AKCC ഗ്ലോബൽ വൈസ് പ്രസിഡണ്ട് ശ്രീ ബോബിൻ ജോർജ്, SMCA മുൻ പ്രസിഡണ്ട് ബിജോയ് പാലക്കുന്നേൽ എന്നിവർ തീർത്ഥാടനത്തിന് നേതൃത്വം നൽകി. അവധിയിൽ നാട്ടിലായിരുന്ന അംഗങ്ങൾക്കും കുവൈറ്റിൽ നിന്നും പ്രവാസ ജീവിതം അവസാനിപ്പിച്ച് മടങ്ങിയ മുൻകാല റിട്ടേണിംഗ് ഫോറം അംഗങ്ങൾക്കും പ്രാർത്ഥനയിലും ഐക്യത്തിലും ഒന്നിച്ചു കുടുവാനും സ്നേഹ കൂട്ടായ്മ വളർത്തുവാനും തീർത്ഥാടനം സഹായകരമായി.

## ദുക്റാന തിരുനാൾ സഭാ ദിന ആഘോഷങ്ങൾ

SMCA കുവൈറ്റിന്റെ ആഭിമുഖ്യത്തിൽ ദുക്റാന തിരുനാളും സഭാ ദിനവും സംയുക്തമായി ആഘോഷിച്ചു . ജൂലൈ 7 അബ്ബാസിയ സെൻട്രൽ സ്കൂളിൽ വച്ച് നടന്ന ആഘോഷ പരിപാടിയിൽ AKCC ഗ്ലോബൽ പ്രസിഡണ്ട് അഡ്വ ബിജു പറയന്നിലം

മുഖ്യാതിഥിയായിരുന്നു. ജോണി ലോണിസ് മഴവച്ചേരിയിൽ അച്ചൻ ഉദ്ഘാടന കർമ്മം നിർവഹിച്ച പ്രസ്തുത ആഘോഷ പരിപാടിയിൽ സാല്മിയയിലെ സൈന്റ് തെരേസ ഇടവക അസിസ്റ്റന്റ് വികാരിയും സീറോ മലബാർ കാറ്റിക്കിസം ഡയറക്ടറുമായ ഫാദർ ജോൺസൺ നെടുംപുറത്ത്, സൈന്റ് ഡാനിയേൽ കോംബോനി ഇടവക അസിസ്റ്റന്റ് വികാരി പ്രകാശ് കാഞ്ഞിരത്തിങ്കൽ എന്നിവ സന്നിഹിതരായിരുന്നു കുട്ടികളും മുതിർന്നവരും അടക്കം 200ലധികം കലാകാരന്മാരും കലാകാരികളും വൈവിധ്യമാർന്ന പ്രകടനങ്ങളുമായി അരങ്ങു തകർത്തപ്പോൾ കാഴ്ചക്കാർക്ക് കണ്ണിനു കുളിർമയും മനസ്സിനു നവ്യാനുഭൂതിയും പകർന്നു നൽകുന്ന ഒന്നായി. 50 അധികം കലാകാരന്മാരെ സ്റ്റേജിലും പിന്നണിയും അണിനിരത്തിയ SMYM പ്രോഗ്രാം കാണികളെ ഒരു നാവിനാനുഭവത്തിലേക്ക് നയിച്ചു. ബാലദീപ്തി അംഗങ്ങൾ ആയ നേഹ ജൈമോൻ, മിലിയ രാജേഷ് എന്നിവരുടെ അവതരണ മികവ് പരിപാടിയുടെ പ്രത്യേക ആകർഷണം ആയിരുന്നു ആർട്ട്സ് കൺവീനർ ശ്രീ സന്തോഷ് വടക്കേമുണ്ടിയാനിയിലിന്റെ നേതൃത്വത്തിൽ ആയിരുന്നു കലാപരിപാടികൾ ഒരുക്കിയിരുന്നത് .കൾച്ചറൽ കമ്മിറ്റി കൺവീനർ ശ്രീ സന്തോഷ് ഓഡിറ്റിലിന്റെ നേത്രൃത്തിൽ റംസ പ്രാർത്ഥനയോടെയാണ് ആഘോഷ പരിപാടികൾക്ക് തുടക്കമായത്.

**ഹ്സാദാ 2024,**

SMCA കുവൈറ്റ് ബൈബിൾ കാറ്റിക്കിറ്റിക്കൽ ക്വിസ്, ഹ്സാദാ 2024, സീസൺ 12, ജനുവരി 19 വെള്ളിയാഴ്ച വൈകുന്നേരം 5:30 മുതൽ അബ്ബാസ്സിയ SMCA ഹാളിൽ വച്ചു നടത്തപ്പെട്ടു. കുടുംബ യുണിറ്റു, സോണൽ, ഏരിയ തലങ്ങളിൽ നടത്തിയ വീറും വാശിയും നിറഞ്ഞു നിന്ന മത്സരങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 8 ടീമുകൾ ആണ് സെമിഫൈനലിൽ മാറ്റുരച്ചത്. ഏറ്റവും കൂടുതൽ പോയിന്റുകൾ നേടിയ 5 ടീമുകൾ ഫൈനൽ മത്സരത്തിലേക്കു തിരഞ്ഞെടുക്കപ്പെടുകയും അത്യന്തം ആകാംഷ നിറഞ്ഞ മത്സരത്തിനോടുവിൽ ശ്രീമതി. ലിത രാജേഷ് & ശ്രീമതി. റോബി സിറിൽ ( അബ്ബാസിയ ) എന്നിവർ അടങ്ങിയ ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. ശ്രീ വിനോജ് വർഗീസ് & ശ്രീമതി സുനിത വിനോജ് (ഫഹാഹീൽ), ശ്രീമതി പ്രീത ജോസ് & ശ്രീമതി റിൻസി തോമസ് (ഫഹാഹീൽ) എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ചീഫ് ക്വിസ് മാസ്റ്റർ ആയിരുന്ന സിറ്റി കത്തിഡ്രൽ അസിസ്റ്റന്റ് വികാരി സോജൻ പോൾ അച്ചന്റെ സ്വതസിദ്ധവും സൗമ്യവുമായ രീതി ക്വിസ് മത്സരത്തെ ഒരു സൗഹൃദ തലത്തിലേക്ക് നയിച്ചു. കൾച്ചറൽ കൺവിനർ ശ്രീ സന്തോഷ് ഓടേറ്റിലിന്റെ നേതൃത്തിൽ ക്വിസ് മാസ്റ്റർ ശ്രീ ജിസ്സ് ജോസ് തോപ്പിൽ, ടെക്നിക്കൽ ടീം അംഗങ്ങളായ ശ്രീ ടോം വയലിൽ, ശ്രീ അനീഷ് അഗസ്റ്റിൻ, ശ്രീ ബൈജു ജോസഫ്, ശ്രീ ജിമ്മി പറോക്കാരൻ എന്നിവർ അടങ്ങുന്ന ടീം ഈ പരിപാടിയുടെ വിജയത്തിൽ നിർണ്ണായക പങ്കു വഹിച്ചു. ട്രെഷർ ശ്രീ ജോർജ് തെക്കേൽ, അബ്ബാസിയ ഏരിയ കൺവീനർ ശ്രീ ഷാജു ദേവസി, സാൽമിയ ഏരിയ കൺവീനർ ശ്രീ ടോം ഇടയോടി, ഫഹാഹിൽ ഏരിയ കൺവീനർ ശ്രീ അജോഷ് ആന്റണി സിറ്റി ഫർവാനിയ ഏരിയ കൺവീനർ ശ്രീ സെബാസ്റ്റ്യൻ പോൾ എന്നിവരുടെയും സോഷ്യൽ കൺവീനർ ശ്രീ സന്തോഷ് കളരിക്കലിന്റെ നേതൃത്തിൽ ശ്രീ ബിജു കാടൻകുഴിയിൽ, ജോജി ജോസഫ് വളകളത്തിൽ, ശ്രീ അനിൽ ജോസഫ് എന്നിങ്ങനെ നിരവധി ആളുകളുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായിരുന്നു പരിപാടിയുടെ വിജയം.

**നൂറുമേനി**

വചനം ശക്തമായ ആയുധമാണ് .ആകാശവും ഭൂമിയും സൃഷ്ടിക്കപ്പെട്ടത് തന്നെ വചനത്താലാണ് . ഈ സത്യം വിളിച്ചു പറഞ്ഞുകൊണ്ട് , SMCA യുടെ പ്രവർത്തനത്തിൽ പൊൻ തൂവൽ ചാർത്തികൊണ്ട് ; സുവിശേഷാദിഷ്ഠിത ജീവിതം ലക്ഷ്യം വച്ച് SMCA അംഗങ്ങൾക്കുവേണ്ടി വചനത്താൽ നിറഞ്ഞ് ആത്മാവിൽ പൂരിതമായി ഒരു വചന മനഃപാഠ മത്സരം നൂറുമേനി ( വചനം ഹൃദയത്തിലും , ജീവിതത്തിലും ) എന്ന പേരിൽ യൂണിറ്റ് , സോണൽ , ഏരിയ തലത്തിൽ നടത്തി , ഫൈനൽ മത്സരം ഫെബ്രുവരി 23, വെള്ളിയാഴ്ച വൈകുന്നേരം 5:30 മുതൽ SMCA അബ്ബാസിയ ഹാളിൽ വച്ചു നടത്തപ്പെട്ടു. മത്സരാർത്ഥികളുടെ വചനം പഠിക്കാനുള്ള ആഗ്രഹവും , വചനത്തോടുള്ള തീക്ഷ്ണതയും വെളിവാക്കുന്നതായിരുന്നു. സെൻട്രൽ കൾച്ചറൽ കമ്മിറ്റി അംഗം ശ്രീ സാം ആന്റണിയുടെ പ്രാർത്ഥനയോടെ ആരംഭിച്ച മത്സരം SMCA ജനറൽ സെക്രട്ടറി ശ്രീ ബിനു ഗ്രിഗറി സ്വാഗതം ആശംസിക്കുകയും SMCA പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴ ഉദ്ഘാടന പ്രസംഗം നടത്തി തുടർന്ന് പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴ, ജനറൽ സെക്രട്ടറി ശ്രീ . ബിനു ഗ്രിഗറി , ട്രഷറർ ശ്രീ . ജോർജ് തെക്കേൽ അബ്ബാസിയ ജനറൽ കൺവീനർ ശ്രീ. ഷാജു ദേവസ്സി , ഫഹാഹീൽ ജനറൽ കൺവീനർ ശ്രീ . അജോഷ് ആന്റണി എന്നിവർ ചേർന്ന് തിരി തെളിച്ചു മത്സരങ്ങൾക്ക് തുടക്കം കുറിച്ചു . 50 ടീമുകൾ 4 ഏരിയകളിൽ നിന്നായി ഫൈനൽ മത്സരത്തിൽ പങ്കെടുത്തു .SMCA കൾച്ചറൽ കമ്മിറ്റി കൺവീനർ ശ്രീ സന്തോഷ് ഓടേട്ടിലിന്റെ നേതൃത്തത്തിൽ നടന്ന മത്സരത്തിൽ വൈസ് പ്രസിഡന്റ് ശ്രീ ബോബി കയ്യാലപറമ്പിൽ, വിമൻസ് വിംഗ് ആഡ്ഹോക് കമ്മിറ്റി പ്രസിഡന്റ് ശ്രീമതി ലിറ്റസി സെബാസ്റ്റ്യൻ, CMC സോഷ്യൽ കമ്മിറ്റി അംഗങ്ങളായ ശ്രീ ജോജി ജോസഫ്, ശ്രീ ബിജു കാടംകുഴി, CMC അംഗങ്ങളായ ശ്രീ സാബു മാത്യു, ജോസഫ് മാത്യു, ശ്രീ ദിലീഷ് ആഗസ്റ്റി, സോണൽ ഭാരവാഹീകൾ ആയ ശ്രീ ഫ്രാൻസിസ് പോൾ, ശ്രീ ബെൻസൻ, ഏരിയ കൾച്ചറൽ കൺവീനർമാരായ ശ്രീ മോൻസ് ജോസഫ്, ശ്രീ റിൻസ് ചെറിയാൻ, ശ്രീ ബെന്നി ജോസ് എന്നിങ്ങനെ നിരവധി പേർ നൂറുമേനിയുടെ വിജയത്തിന് പിന്നിൽ പ്രവർത്തിച്ചു.

100 Meni - Single First Prize : Anitha P Joy Second Prize : Nisha Binoy Third Prize : Saly Rexon 100 Meni – Family First Prize : Vanitha Shaiju , Efrin Shaiju & Annete Maria Second Prize : Bindhu Augustine & Faustina Rose Third Prize : Reesha Joseph & Deona Maria

വിജയികൾക്ക് അഭിനന്ദങ്ങൾ

**ഫാമിലിയ 2024**

SMCA കുവൈറ്റ് 28 മത് പ്രവർത്തന വർഷത്തിലെ മെഗാ ഇവന്റ് - ഫാമിലിയ 2024 സബഹിയ ഫഹാഹീലിൽ വച്ചു നടത്തപ്പെട്ടു. SMCA പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴ ആദ്യക്ഷത വഹിച്ച യോഗത്തിൽ രാമനാഥപുരം രൂപത മെത്രാൻ അഭിവന്ദ്യ മാർ പോൾ ആലപ്പാട്ട് പിതാവ് മുഖ്യാതിഥി ആയിരുന്നു. സിറോ മലബാർ നോർത്തേൺ അറേബ്യൻ എപ്പസ്കോപ്പൽ വികാർ ബഹുമാന്യ ജോണി ലോനിസ് മഴവച്ചേരിൽ അച്ചൻ അനുഗ്രഹപ്രഭാക്ഷണം നടത്തി. AKCC ഗ്ലോബൽ വൈസ് പ്രസിഡന്റ് ശ്രീ ബോബിൻ ജോർജ്, വിമൻസ് വിംഗ് ആഡ്ഹോക് കമ്മിറ്റി സെക്രട്ടറി ശ്രീമതി ട്രിൻസി ഷാജു, SMYM പ്രസിഡന്റ് ശ്രീ ജിജിൽ മാത്യു, ബാലദീപ്തി പ്രസിഡന്റ് മാസ്റ്റർ ഇമ്മനുവേൽ ജൈബി, എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ട്രെഷർ ശ്രീ ജോർജ് തെക്കേൽ നന്ദി

പ്രകാശനം നടത്തി. പ്രസ്തുത സമ്മേളനത്തിൽ വിവാഹജീവിതത്തിന്റെ 25 വർഷം പൂർത്തിയാക്കിയ ദമ്പതികളെ സ്മരണിക നൽകി ആദരിച്ചു. തുടർന്ന് അംഗങ്ങൾക്കായി ഹരിശങ്കർ മ്യൂസിക് ബാന്റിന്റെ അതിഗംഭീരമായ മ്യൂസിക്കൽ ഷോയും ഒരുക്കിയിരുന്നു. വൈസ് പ്രസിഡന്റ് ശ്രീ ബോബി കയ്യാലപറമ്പിൽ, ജോയിന്റ് സെക്രട്ടറി ശ്രീ ഡേവിഡ് ആന്റണി, ജോയിന്റ് ട്രെഷറർ ശ്രീ തോമസ് മുണ്ടിയാനി, ആർട്സ് കൺവീനർ ശ്രീ സന്തോഷ് വടക്കേമുണ്ടിയാനിയിൽ, സോഷ്യൽ കമ്മിറ്റി കൺവീനർ ശ്രീ സന്തോഷ് കളരിക്കൽ, കൾച്ചറൽ കമ്മിറ്റി കൺവീനർ ശ്രീ സന്തോഷ് ഓടേട്ടിൽ,ചീഫ് ബാലദീപ്തി കോഡിനേറ്റർ ശ്രീ ബൈജു ജോസഫ്, ഓഫീസ് സെക്രട്ടറി ശ്രീ ജിജിമോൻ കുര്യള, ഏരിയ കൺവീനർമാരായ ശ്രീ ഷാജു ദേവസി അബ്ബാസിയ, ശ്രീ ടോം ഇടയോടി സാൽമിയ, ശ്രീ അജോഷ് ആന്റണി ഫഹഹീൽ, ശ്രീ സെബാസ്റ്റ്യൻ പോൾ സിറ്റി ഫർവാനിയ എന്നിവരുടെ നേതൃത്തത്തിൽ വിവിധ കമ്മിറ്റികൾ പരിപാടി ഏകോപിപ്പിച്ചു.

**SMCA കുവൈറ്റ് ഭവനനിർമാണ പദ്ധതി**

കോട്ടയം ജില്ലയിലെ കോട്ടക്കലിൽ പ്രകൃതിദുരന്തത്തിൽ അകപ്പെട്ടവരെ സഹായിക്കുന്നതിനായി 26മത് പ്രവർത്തനവർഷം സമാഹരിച്ച പ്രത്യേക ഫണ്ട് ഉപയോഗിച്ച് പാലാ രൂപതയിലെ പറത്താനം ഇടവകയിൽ നിർമ്മിച്ച ഭവനത്തിന്റെ താക്കോൽ ദാനവും വെഞ്ചരിപ്പ് കർമ്മവും 2023 മെയ് 15, 5 പി എമ്മിന് പല രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുകയുണ്ടായി. SMCA യെ പ്രതിനിധികരിച്ചു അബ്ബാസിയ ഏരിയ സെക്രട്ടറി ശ്രീ മാത്യു ഫിലിപ്പ് മാർട്ടിൻ, ട്രഷറർ റിജോ ജോർജ് എന്നിവർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.. . ഇരുപത്തിഏഴാമത് ഭരണസമിതിയുടെ ജൂബിലി സ്വമാരക കാരുണ്യ പദ്ധതിയിലെ 6 മത വീടിനാവശ്യമായ തുകയിൽ ഒരു ഭാഗം 27മതു ഭരണസമിതി കൈമാറുകയും ആ തുക (2 ലക്ഷം ) വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിക്ക് കൈമാറുകയും വയനാട്, പുൽപള്ളി, അമരകുനിയിൽ ശ്രീമതി ലില്ലി കുന്നുംപുറത്തിനായി നിർമ്മിച്ചു നൽകിയ ആ ഭവനത്തിന്റെ താക്കോൽ ദാനം 2023 ഒക്ടോബർ 21 ശനിയാഴ്ച രാവിലെ 8:30 നു മാനന്തവാടി രൂപതയുടെ അഭിവന്ദ്യ സഹായ മെത്രാൻ മാർ അലക്സ് താമരമംഗലം നിർവഹിക്കുകയും ചെയ്തു. പ്രസ്തുത ചടങ്ങിൽ SMCA കുവൈറ്റിനെ പ്രതിനിധികരിച്ചു 28 മത് ഭരണസമിതി ഫഹാഹീൽ ഏരിയ കൺവീനർ ശ്രീ അജോഷ് ആന്റണി, SMCA കുവൈറ്റ് മുൻ ട്രെഷർ വിൽസൺ വടക്കേടത്തു, SMCAKRF നെ പ്രതിനിധീകരിച്ച് നിലവിലെ ഭരണസമിതിയിലെ തലശ്ശേരി അതിരൂപത കോർഡിനേറ്റർമാരായ ശ്രീ കുര്യാച്ചൻ ഓടക്കൽ, ശ്രീ റിന്നി പുതിയകുന്നിൽ, മുൻ SMCA പ്രസിഡന്റും മുൻ SMCAKRF ജോയിന്റ് സെക്രട്ടറിയുമായ ശ്രീ ഡേവിസ് കൊളാട്ടുക്കുടി, ശ്രീമതി പുഷ്പ കുര്യാച്ചൻ, ശ്രീമതി രാജി റിന്നി, ശ്രീമതി ബേബി ഡേവിസ് എന്നിവർ പങ്കെടുത്തു.

SMCA സിൽവർ ജൂബിലി ഹൗസിങ് പ്രൊജക്റ്റ് - രണ്ടാം ഘട്ടത്തിന്റെ ഔദ്യോഗികമായ ഉത്ഘാടനം ജനുവരി 26 വെള്ളിയാഴ്ച വൈകുന്നേരം 6:00 മണിക്ക് അബ്ബാസിയ SMCA ഹാളിൽ വച്ചു സിറ്റി കത്തീഡ്രൽ ഇടവക അസിസ്റ്റന്റ് വികാരി ബഹുമാനപ്പെട്ട സോജൻ പോൾ അച്ചനും SMCA പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴയും, ട്രെഷർ ശ്രീ ജോർജ് തെക്കേലും ചേർന്ന് പ്രകാശനം ചെയ്ത ഫ്ലയർ, സോഷ്യൽ കമ്മിറ്റി കൺവീനർ ശ്രീ സന്തോഷ് കളരിക്കലിനു നിർവഹിക്കുകയുണ്ടായി. തുടർന്ന് SMCA സ്ഥാപകാഗം ശ്രീ

സൈജു മുളകുപാടത്തിൽ നിന്നും ഹൗസിങ് പ്രോജെക്ടിലേക്കുള്ള ആദ്യവിഹിതം പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴ സ്വീകരിച്ചു. SMCA രജത ജൂബിലി സ്മാരക കാരുണ്യ പദ്ധതി - ഫേസ് 2 യിലൂടെ കോട്ടയം അതിരൂപതയിലും അദിലാബാദ് രൂപതയിലുമായിട്ടാണ് നാം ഭവനങ്ങൾ നിർമിച്ചു നൽകുന്നത് . 693 ഭവനങ്ങൾ ആണ് നാം വിവിധ രൂപതയിലെ സോഷ്യൽ സർവീസ് സൊസൈറ്റി നിർമിച്ചു നൽകിയിരിക്കുന്നത്.. 4 ഭവനങ്ങൾ കോട്ടയം രൂപതയിലും ഒരു ഭവനം നമ്മുടെ ഫഹാഹീൽ ഏരിയ SMCA ആംഗത്തിനായും 4വീടുകൾ ആദിലബാദ് രൂപതയിലുമായിട്ടാണ് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതു നമ്മുടെ ഐക്യത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടെയും പ്രതിഫലമാണ് SMCA ഹൗസിംഗ് പ്രൊജെക്ടുകൾ . സമൂഹത്തിലെ തീർത്തും നിരാലംബരായ സഹോദരങ്ങളുടെ "വീട്" എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി ഹൃദയവും കൈയും കോർക്കുന്ന നിങ്ങൾ ഏവരെയും ദൈവം അനുഗ്രഹിക്കട്ടെ

## സ്വാതന്ത്രദിന/ റിപ്പബ്ളിക് ദിനാഘോഷം

SMCA കുവൈറ്റിന്റെ സ്വതന്ത്രദിനാഘോഷങ്ങൾ August 15 നു അബ്ബാസിയ SMCA ഹാളിൽ വച്ചു നടത്തപ്പെടുകയുണ്ടായി. SMCA കുവൈറ്റ് പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴ പതാക ഉയർത്തി. ആഘോഷപരിപാടികളിൽ പങ്കെടുത്തവരെല്ലാം ദേശീയഗാനം ആലപിച്ചു കൊണ്ടാണ് പതാക ഉയർത്തലിനു സാക്ഷികളായതു. . അതിനു ശേക്ഷം ഭാരതത്തിന്റെ സത്യപ്രതിജ്ഞ ഏറ്റു ചൊല്ലുകയും ചെയ്തു. 150 അധികം കുട്ടികളും ഭാരവാഹികളും SMCA കുടുംബങ്ങാംഗങ്ങളും വർണ്ണാഭമായ ബലൂണുകളും ദേശീയ പാതകയും ഉയർത്തി പിടിച്ചു കൊണ്ടാണ് ആഘോഷണങ്ങളിൽ പങ്കു ചേർന്നത്.

ഭാരതത്തിന്റെ 75 -മത് റിപ്പബ്ളിക് ദിനാഘോഷം ജനുവരി 26 വെള്ളിയാഴ്ച രാവിലെ 9.15 മണിക്ക് അബ്ബാസിയ SMCA ഹാളിൽ വച്ച് നടത്തുകയുണ്ടായി. സെൻട്രൽ ഏരിയ ഭാരവാഹികൾ, മലയാള അധ്യാപകർ, ബാലദീപ്തി കുട്ടികൾ എന്നിവർ ആഘോഷങ്ങളിൽ പങ്കെടുത്തു. കൽച്ചറൽ കൺവീനർ ശ്രീ സന്തോഷ് ഒഡേറ്റിൽ പ്രാരംഭ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ജോയിന്റ് സെക്രട്ടറി ശ്രീ ഡേവിഡ് ആന്റണി സ്വാഗതം അശംസിച്ചു. തുടർന്ന് SMCA പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴ പതാക ഉയർത്തുകയും, റിപ്പബ്ളിക് ദിന സന്ദേശം നൽകുകയും ചെയ്തു. റിപ്പബ്ളിക് ദിനത്തിന്റെ പ്രത്യേകതയും, നമ്മുടെ ഭരണഘടനയുടെ മാഹാത്മ്യവും അദ്ദേഹം പ്രത്യകം പരാമർശിക്കുകയുണ്ടായി.

അബ്ബാസിയ ഏരിയ ജനറൽ കൺവീനർ ശ്രീ ഷാജു ദേവസ്സി , അബ്ബാസിയ മലയാളം ഹെഡ്മാസ്റ്റർ ശ്രീ റെജിമോൻ ഇടമന എന്നിവർ ആശംസകൾ നേരുകയുണ്ടായി. ദേശീയഗാനാലാപനവും, സോഷ്യൽ കമ്മിറ്റിയുടെ നേത്രുത്വത്തിൽ മധുരവിതരണവും ഇതിന്റെ ഭാഗമായി നടത്തുകയുണ്ടായി. തുടർന്ന് ബാലദീപ്തി കോഓർഡിനേറ്റർ ബൈജു ജോസെഫിന്റെ നന്ദി പ്രകാശനത്തോടെയും സമാപന പ്രാർത്ഥനയോടെയും ആഘോഷപരിപാടികൾ സമാപിച്ചു.

## സാമൂഹികപ്രവർത്തനങ്ങൾ

നമ്മുടെ അംഗങ്ങളും സുഹൃത്തുക്കളും ഈ പ്രവാസജീവിതത്തിൽ വച്ചു മരണപ്പെടുമ്പോൾ മൃതദേഹം നാട്ടിൽ എത്തിക്കുന്നതിനു അവശ്യമായ നടപടിക്രമങ്ങൾ നടത്തിതരുവാനായി SMCA ഒരു സന്നദ്ധ സേനക്ക് രൂപം നൽകി. ഷാജു ദേവസി താനത്താൻ, സജിമോൻ ജോർജ് വലിയാറ്റികരിയിൽ, സോണിമോൻ മാത്യു താഴമഠം, മോൻസ് ജോസഫ് കല്ലുകളം, ബിനു ജോസി കട്ടകയം, അജോഷ് ആന്റണി അജോഷ് ഭവനം, സിബി ഡോമനിക്, ശ്രീ ജോർജ് തോമസ്, ജോർജ് ഇമ്മനുവേൽ പെങ്ങാട് എന്നിവരാണ് ഈ സേവനത്തിനായി നിറഞ്ഞ മനസ്സോടെ മുന്നോട്ടു വന്നിരിക്കുന്നത്. ഇവരെയെല്ലാം നന്ദിയോടെ സ്മരിക്കട്ടെ.

**SMCA കുവൈറ്റിന്റെ 29 മത് ജന്മദിനം**

SMCA കുവൈറ്റിന്റെ 29 മത് ജന്മദിനം സമുചിതമായി ആചരിച്ചു. ഡിസംബർ ഒന്ന് രാവിലെ 9 മണിക്ക് അബ്ബാസിയ SMCA ഹാളിൽ ചേർന്ന ആഘോഷപരിപാടിക്ക് SMCA പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴ നേതൃത്തം നൽകി. ജനറൽ സെക്രട്ടറി ശ്രീ ബിനു ഗ്രിഗറി സ്വാഗതം ആശംസിച്ച യോഗത്തിൽ പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴ അദ്ധ്യക്ഷത വഹിക്കുകയും ട്രെഷർ ശ്രീ ജോർജ് തെക്കേൽ നന്ദി അർപ്പിക്കുകയും ചെയ്തു. പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴ, ജനറൽ സെക്രട്ടറി ശ്രീ ബിനു ഗ്രിഗറി, SMCA ട്രെഷർ ശ്രീ ജോർജ് തെക്കേൽ, SMCA സ്ഥാപകാഗം ശ്രീ സൈജു മുളകുപാടം, അബ്ബാസിയ ഏരിയ കൺവീനർ ശ്രീ ഷാജു ദേവസി, സിറ്റി - ഫർവാനിയ ഏരിയ കൺവീനർ ശ്രീ സെബാസ്റ്റ്യൻ പോൾ, മുൻ പ്രസിഡന്റ്മായിരുന്ന അഡ്വക്കേറ്റ് ശ്രീ ബെന്നി നാൽപ്പതാംക്കളം, ശ്രീ സാൻസിലാൽ ചക്കിയാത്തു, മുൻ ജനറൽ സെക്രട്ടറി ശ്രീ ബിജു പി ആന്റോ, മുൻ ട്രെഷർ ശ്രീ ജോസ് മത്തായി, മുതിർന്ന അംഗം ശ്രീ ഡോമനിക് സാർ എന്നിവർ ചേർന്ന് കേക്ക് മുറിച്ചു മധുരം പങ്കു വച്ചു. SMCA സ്ഥാപകാഗം ശ്രീ സൈജു മുളകുപ്പാടം, വിമൻസ് വിംഗ് പ്രസിഡന്റ് ശ്രീമതി ലിറ്റസി സെബാസ്റ്റ്യൻ, ബാലദീപ്തി വൈസ് പ്രസിഡന്റ് മാസ്റ്റർ സിനോ പീറ്റർ, AKCC ഗ്ലോബൽ വൈസ് പ്രസിഡന്റ് ശ്രീ ബോബിൻ ജോർജ് എന്നിവർ ആശംസകൾ അർപ്പിച്ചു. ബാലദീപ്തി കുട്ടികളുടെ പ്രാർത്ഥന ഗാനത്തോടെ ആരംഭിച്ച യോഗം കൾച്ചറൽ കമ്മിറ്റി കൺവീനർ ശ്രീ സന്തോഷ് ഓടേട്ടിലിന്റെ പ്രാർത്ഥനയോടെ അവസാനിച്ചു. സോഷ്യൽ കമ്മിറ്റി കൺവീനർ ശ്രീ സന്തോഷ് കളരിക്കൽ, കൾച്ചറൽ കമ്മീറ്റി കൺവീനർ ശ്രീ സന്തോഷ് ഓടേട്ടിൽ എന്നിവരുടെ ജന്മദിനാഘോഷവും ചേർന്നു വന്നപ്പോൾ ഇ വർഷത്തെ SMCA സ്ഥാപക ദിനാഘോഷത്തിന് ഇരട്ടി മധുരമായി.

സുറിയാനി പഠന കേന്ദ്രം

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ ഓർമ്മ ദിനത്തിൽ SMCA കുവൈറ്റ് നമ്മുടെ മാതൃ സഭയുടെ ആരാധനക്രമ ഭാഷയായ സുറിയാനിയുടെ ഒരു പഠനകേന്ദ്രത്തിനു തുടക്കം കുറിച്ചു. നവംബർ 21, 7pm ന് SMCA ഹാളിൽ ചേർന്ന സമ്മേളനത്തിൽ സെന്റ് ദാനിയേൽ കമ്പോനി അസിസ്റ്റന്റ് വികാരി സ്നേഹബഹുമാനപ്പെട്ട പ്രകാശ് കാഞ്ഞിരത്തിങ്കൽ അച്ചൻ ഉത്ഘാടനം നിർവഹിച്ചു. ഒരു ഭാഷയെ നശിപ്പിച്ചാൽ ആ സമുദായത്തെ നശിപ്പിക്കാം എന്നിരിക്കെ നമ്മുടെ സഭയുടെ ആരാധനക്രമ ഭാഷയെ പരിപോഷിപ്പിക്കുവാനും അടുത്ത തലമുറയ്ക്ക് കൈമാറുവാനും SMCA നടത്തുന്ന ശ്രമങ്ങൾക്ക് അദ്ദേഹം അഭിനന്ദനങ്ങൾ അറിയിക്കുകയും എല്ലാവിധ പ്രാർത്ഥനാശംസകളും നേരുകയും ചെയ്തു. സിറോ മലബാർ പാല രൂപത ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വീഡിയോ സന്ദേശത്തിലൂടെ ആശംസകൾ അർപ്പിക്കുകയും ചെയ്തു. കൾച്ചറൽ കമ്മിറ്റി കൺവിനർ

ശ്രീ സന്തോഷ് ഓടേറ്റിലിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ശ്രീ ബിനു ഗ്രിഗറി സ്വാഗതം ആശംസിക്കുകയും വൈസ് പ്രസിഡന്റ് ശ്രീ ബോബി കയ്യാലപ്പറമ്പിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. അബ്ബാസിയ ഏരിയ കൺവീനർ ശ്രീ ഷാജു ദേവസി, വിമൻസ് വിംഗ് പ്രസിഡന്റ് ശ്രീമതി ലിറ്റസി സെബാസ്റ്റ്യൻ എന്നിവർ ആശംസകൾ അറിയിച്ചു. ശ്രീ രാജേഷ് കൂത്രപള്ളി, സുറിയാനി ഭാഷയുടെ മഹാത്മത്തെപ്പറ്റിയും ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന നിരവധി സുറിയാനി പദങ്ങളെപറ്റിയും( മാലാഖ, കുർബാന, കൂദാശ, മാമോദിസ, സ്ലീവാ, റൂഹാദാകൂദിശ...) സദസ്സിന് പരിചയപ്പെടുത്തി. സുറിയാനിയുടെ അദ്യക്ഷരങ്ങൾ വളരെ ലളിതവും സരസവുമായി അദ്ദേഹം അവതരിപ്പിച്ചു. ശ്രീ ദിലിഷ് ആഗസ്റ്റി നന്ദി പ്രകാശനം നടത്തി. ശ്രീ സാം ആന്റണിയുടെ പ്രാർത്ഥനയോടെ യോഗം അവസാനിച്ചു. കൾച്ചറൽ കമ്മിറ്റയുടെ നേത്രൃത്തിൽ എല്ലാ ചൊവ്വാഴ്ചകളിലും ഓഫ്‌ലൈൻ ആയിട്ടാണ് ക്ലാസുകൾ നടക്കുന്നത്. ക്ലാസുകൾ എടുക്കുന്ന ശ്രീ രാജേഷ് കൂത്രപള്ളി സാറിനെ നന്ദിയോടെ ഓർക്കുന്നു

## ക്രിസ്തുമസ് ഭവന സന്ദർശനവും പുൽകൂട് മത്സരവും

നക്ഷത്രങ്ങൾ കൂടു കൂട്ടിയ കുളിരുള്ള രാത്രിയിൽ പുൽക്കൂടിന്റെ ചൂടേറ്റു പിറന്ന ഉണ്ണി ഈശോയെ വരവേൽക്കാൻ SMCA KUWAIT ഒരുങ്ങുകയും തിരുപ്പിറവിയുടെ സന്ദേശവുമായി SMCA യുടെ 4 ഏരിയാകളിലെയും ഫാമിലി യൂണിറ്റുകളുടെ നേതൃത്തത്തിൽ, കുവൈറ്റിലെ നിയമങ്ങൾക്കും നിർദേശങ്ങൾക്കും അനുശ്രുതമായി ചെറിയ സംഘങ്ങൾ ആയി ഉണ്ണി ഈശോയെ വഹിച്ചു കൊണ്ട് ഭവനങ്ങൾ സന്ദർശിക്കുകയും, ആശംസകൾ നേരുകയും അംഗങ്ങൾക്ക് സമ്മാനങ്ങൾ, കലണ്ടർ എന്നിവ വിതരണം ചെയ്യുകയും ചെയ്തു. ഈ വർഷം എല്ലാ അംഗങ്ങൾക്കും ഡിജിറ്റൽ ടൈം പിസ് ആണ് സമ്മാനമായി നൽകിയത്. ഇതുമായി സഹകരിച്ച 4 ഏരിയ കമ്മിറ്റികൾക്കും സമയബന്ധിതമായി ലോജിസ്റ്റിക് നിർവഹിച്ച യുണൈറ്റഡ് ലോജിസ്റ്റിക് ഉടമ ശ്രീ സിവി പോളിനും നന്ദി പറയുന്നു.

SMCA കുവൈറ്റ് ആദ്യമായി സെൻട്രൽ തലത്തിൽ ഒരുക്കിയ പുൽക്കൂട് മത്സരത്തിൽ സിറിൽ ആന്റണി അബ്ബാസിയ ഒന്നാം സ്ഥാനവും റെജി മാത്യു സാൽമിയ രണ്ടാം സ്ഥാനവും ശ്രീ സാബു മാത്യു അബ്ബാസിയ മൂന്നാം സ്ഥാനവും നേടി. സോണൽ / ഏരിയ തലങ്ങളിൽ നടന്ന വാശിയേറിയ മത്സരത്തിൽ വിജയകളായ 15 ടീമുകൾക്കാണ് സെൻട്രൽ മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യത ഉണ്ടായിരുന്നത് . വിജയികൾക്ക് അഭിനന്ദനങ്ങൾ.

## നിയമാവലി പരിഷ്കരണ കമ്മിറ്റി

ഈ വർഷം തിരഞ്ഞെടുപ്പ് പ്രക്രിയകൾ പൂർത്തിയാക്കുവാൻ ഇലക്ഷൻ കമ്മീഷൻ നേരിട്ട ബുദ്ധിമുട്ടുകൾ പരിഗണിച്ചു മുന്നോട്ടുള്ള വർഷങ്ങളിൽ തിരഞ്ഞെടുപ്പ് പ്രക്രിയായകൾ സുഗമമായി നിയമാവലി യിൽ clause 5 തിരഞ്ഞെടുപ്പ് പ്രക്രിയ

(Iv, സോണൽ ഏരിയ ഭാരവാഹികളുടെ കേന്ദ്ര ഭരണസമിതി പ്രതിനിധികളുടെയും തിരഞ്ഞെടുപ്പ് ) വ്യവസ്ഥകൾ അനുസരിച്ചു ഏരിയ കമ്മിറ്റി രൂപീകരിക്കുവാൻ ഏരിയ മുഖ്യഭാരവാഹികൾ, CMC മെമ്പർ എന്നിവരെ കണ്ടെത്തുവാൻ സാധിച്ചില്ലെങ്കിൽ പ്രസ്തുത വ്യവസ്ഥയിൽ ഇളവ് അനുവദിക്കുവാൻ ഇലക്ഷൻ കമ്മീഷണർമാരെ അധികാരപ്പെടുത്തുന്ന ബൈലോ ആമേൻഡ്മെഡിനെപ്പറ്റി ആലോചിക്കുവാനും പ്രസ്തുത വിഷയത്തിൽ കമ്മിറ്റിയുടെ നിർദേശങ്ങൾ അർദ്ധ വാർഷിക പൊതുയോഗത്തിൽ അവതരിപ്പിക്കുവാനും യോഗം നിർദേശിച്ചു. പൊതുയോഗ തീരുമാനപ്രകാരം സണ്ണി ജോൺ, ജിസ് എം ജോസഫ് ഫർവാനിയ, സാൻസിലാൽ ചക്കിയത്തു, ജോബി വർഗീസ് ഫഹഹീൽ, അഡ്വക്കേറ്റ് ലാൽജി ജോർജ്, ആന്റണി കഞ്ഞിക്കര സാൽമിയ, സൈജു മുളകുപാടം, രാജേഷ് ജോർജ് കൂത്രപള്ളി, സന്തോഷ് ചാക്കോ ഓടേട്ടിൽ അബ്ബാസിയ എന്നിവർ അടങ്ങുന്ന ബൈലോ കമ്മിറ്റിക്കു രൂപം കൊടുത്തു. പ്രസ്തുത ബൈലോ കമ്മിറ്റിയിൽ വിമൻസ് വിംഗ് പ്രതിനിധികളെ കൂടി ഉൾപ്പെടുത്തുകയും ഈ കമ്മിറ്റി പ്രവർത്തനവർഷത്തിൽ 5 തവണ യോഗം ചേർന്ന് 27 മത് പൊതുയോഗം ഏൽപ്പിച്ച നിർദേശങ്ങളെപറ്റി പഠിച്ചു അർദ്ധ വാർഷിക പൊതുയോഗത്തിൽ അവതരിപ്പിച്ചു അംഗീകാരം നേടുകയും അർദ്ധ വാർഷിക പൊതുയോഗം ഏൽപ്പിച്ച ഉത്തരവാദിത്യങ്ങളെ പറ്റി പഠിച്ചു ജനറൽ സെക്രട്ടറി മുഖേന മാർച്ച് 9 നു നടന്ന പ്രവർത്തക സമിതിയിൽ അവതരിപ്പിക്കുകയും ചെയ്തു. SMCA കുവൈറ്റിനുവേണ്ടി നിസ്വാർത്ഥസേവനം ചെയ്ത് എല്ലാ ബൈലോ കമ്മിറ്റി അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു

## അർദ്ധവാർഷിക പൊതുയോഗവും തിരുമാനങ്ങളും

28 മത് പ്രവർത്തനവർഷത്തിൽ SMCA യുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ പൊതു അഭിപ്രായം രൂപീകരിക്കുന്നതിനും വേണ്ടി 2023 നവംബർ മൂന്നാം തിയതി സൂം പ്ലാറ്റ്ഫോമിലൂടെ ഓൺലൈൻ ആയി അർദ്ധവാർഷിക പൊതുയോഗം കൂടുകയുണ്ടായി. ഈ പൊതുയോഗത്തിൽ എടുത്ത തീരുമാനങ്ങൾ നിങ്ങളുടെ അറിവിലേക്കായി പങ്കു വയ്ക്കുന്നു.

27 മത് വാർഷിക പൊതുയോഗ തീരുമാനപ്രകാരം രൂപം കൊടുത്ത ബൈലോ ആമേൻഡ്മെന്റ് കമ്മിറ്റിയുടെ നിർദേശങ്ങൾ പൊതുയോഗം അംഗീകരിച്ചു. ആ നിർദേശങ്ങൾ ഇപ്രകാരമാണ്.

5.c.iv (f) . 15.c. iv(c) & (e) പ്രകാരം ഏതെങ്കിലും സാഹചര്യത്തിൽ ഏരിയ

സെക്രട്ടറി OR ഏരിയ ട്രഷറർ എന്നീ സ്ഥാനങ്ങളിലേക്ക് യോഗ്യതയുള്ള വാർഡ് പ്രതിനിധികളെ ലഭിക്കുന്നില്ലെങ്കിൽ , തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കുവാൻ മേൽപ്പറഞ്ഞ ഏതെങ്കിലും ഒരു സ്ഥാനത്തേക്ക് (ഏരിയ സെക്രട്ടറി OR ഏരിയ ട്രഷറർ) ഏരിയാ കമ്മിറ്റിയിലെ ഒരു വർഷത്തെ പ്രവർത്തന പരിചയം വേണമെന്ന നിബന്ധനക്ക്

ഒഴിവ് അനുവദിക്കുവാൻ , നിലവിലുള്ള ഏരിയ ജനറൽ കൺവീനർ ഏരിയ ഇലക്ഷൻ കമ്മീഷണർ ,ചീഫ് ഇലക്ഷൻ കമ്മീഷണർ എന്നിവർ അടങ്ങുന്ന സമിതിയുടെ ഭൂരിപക്ഷ അഭിപ്രായ പ്രകാരം വിശേഷാൽ അനുവാദം ഉണ്ടായിരിക്കുന്നതാണ്.

15 .c. iv (g) :- 15. c. Iv (d) പ്രകാരം ഏതെങ്കിലും സാഹചര്യത്തിൽ കേന്ദ്ര ഭരണസമിതിയംഗങ്ങളായി തെരെഞ്ഞെടുക്കപ്പെടുവാൻ യോഗ്യതയുള്ള വാർഡ് പ്രതിനിധികളെ ലഭിക്കുന്നില്ലെങ്കിൽ, തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കുവാൻ, ഏതെങ്കിലും തലത്തിൽ ഭരണസമിതി അംഗമായി ഒരു വർഷത്തെ പ്രവർത്തന പരീചയം വേണമെന്ന നിബന്ധനക്ക് ഒഴിവ് അനുവദിക്കുവാൻ , നിലവിലുള്ള ഏരിയ ജനറൽ കൺവീനർ ഏരിയ ഇലക്ഷൻ കമ്മീഷണർ ,ചീഫ് ഇലക്ഷൻ കമ്മീഷണർ എന്നിവർ അടങ്ങുന്ന സമിതിയുടെ ഭൂരിപക്ഷ അഭിപ്രായ പ്രകാരം വിശേഷാൽ അനുവാദം ഉണ്ടായിരിക്കുന്നതാണ്.

ടിപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന കേന്ദ്ര ഭരണസമിതി അംഗങ്ങൾ, clause 6 b(i) പ്രകാരമുള്ള കേന്ദ്ര ഭരണസമിതി ഭാരവാഹികളായി (12 nos.) തെരെഞ്ഞെടുക്കപ്പെടുവാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

2.SMCA വിമൻസ് വിങ്ങിനായി SMYM മാതൃകയിൽ ഒരു നിയമാവലിക്കു രൂപം നൽകാൻ വിമൻസ് വിങ് ഭാരവാഹികളെ കൂടി ഉൾപ്പെടുത്തി നിലവിൽ ഉള്ള ബൈലോ കമ്മിറ്റിയെ ഏൽപ്പിക്കുവാനും അത് അടുത്ത് വരുന്ന വാർഷിക പൊതുയോഗത്തിൽ അവതരിപ്പിച്ചു അംഗീകാരം നേടാനും CMC യെ ചുമതലപ്പെടുത്തി.

3. 11 .i. (iv) :- പ്രകാരം ഓരോ പ്രവർത്തനവർഷാവാസാനവും സോണൽ ചാരിറ്റി ഫണ്ടും ജനറൽ ഫണ്ടും നിയമാവലി അനുശാസിക്കുന്ന വിധത്തിൽ വാർഷിക ഓഡിറ്റിങ്ങിന് മുൻപ് ഏരിയ ട്രെഷർക്ക് കൈമാറുന്നതും അടുത്ത പ്രവർത്തന വർഷാരാഭത്തിൽ പ്രസ്തുത തുക ആദ്യ ഏരിയ ഭരണസമിതി യോഗത്തിൽ വച്ചു പുതുതായി സ്ഥാനമെറ്റെടുത്ത സോണൽ ട്രെഷർമാർക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇ ഫണ്ട് സോണൽ ചാരിറ്റി ഫണ്ട് ആയി അണ് ചില ഏരിയാകളിൽ നല്കപ്പെടുന്നത്. മുൻ സോണൽ കമ്മിറ്റിയുടെ ഫണ്ടുകൾ അതേപടി ജനറൽ ഫണ്ട് ആയും ചാരിറ്റി ഫണ്ട് ആയും വേർതിരിച്ചു നൽകുന്നതിന് അവശ്യമായ ഭേദഗതികൾ നിർദേശിക്കുവാൻ നിലവിൽ ഉള്ള ബൈലോ കമ്മിറ്റിയെ ഏൽപ്പിക്കുവാനും അത് അടുത്ത് വരുന്ന വാർഷിക പൊതുയോഗത്തിൽ അവതരിപ്പിച്ചു അംഗീകാരം തേടാനും 2023 സെപ്റ്റംബർ 11 നു ചേർന്ന ഒന്നാം പ്രവർത്തക സമിതി CMC യേ ചുമതപ്പെടുത്തിയിരുന്നു. ഈ നിർദേശം പൊതുയോഗത്തിൽ ചർച്ച ചെയ്യുകയും ആവശ്യമായ ഭേദഗതികൾ നിർദേശിക്കുവാൻ ബൈലോ കമ്മിറ്റിയേ ഏൽപ്പിക്കുവാനും തീരുമാനിച്ചു.

4. SMCA മുൻ പ്രസിഡന്റ് ആയിരുന്ന ശ്രീ ജേക്കബ് പൈനാടത്തു സിറോ മലബാർ സഭക്ക് നൽകിയ സംഭാവനകൾ പരിഗണിച്ചു അദ്ദേഹത്തെ ആദരിക്കുവാൻ ഉള്ള ശുപാർശ അദ്ദേഹത്തിന്റെ നാട്ടിലേ ഇടവകക്കും എറണാകുളം അതിരൂപത നേതൃത്തത്തിനും നൽകുവാൻ ജനറൽ സെക്രട്ടറിയെ പൊതുയോഗം ചുമതലപ്പെടുത്തി.

## വിശേഷാൽ പൊതുയോഗം

SMCA യുടെ നിയമാവലി പ്രകാരം clause 13 വാർഷിക പൊതുയോഗം a) പ്രകാരം എല്ലാ വർഷവും മെയ് മാസം പത്താം തിയതിയോ അതിനു മുൻപായോ സംഘടനയുടെ

വാർഷിക പൊതുയോഗം ചേരേണ്ടതാണ്. എന്നാൽ, നിയമാവലി അനുസരിച്ചു ( clause 6 a) iii SMCA മെഗാ ഇവന്റ് ജനുവരി 12 ന് നടത്തുവാൻ തീരുമാനിക്കുകയും അതിനു വേണ്ടിയുള്ള പ്രാരംബപ്രവർത്തനങ്ങളുമായി 28 മത് ഭരണസമിതി മുന്നോട്ടു പോവുകയുമായിരുന്നു. നിർഭാഗ്യവശാൽ കുവൈറ്റിലെ അന്നത്തെ പ്രത്യേക സാഹചര്യത്താൽ മെഗാ ഇവന്റ് മെയ് 10 ലേക്ക് മാറ്റി വയ്‌ക്കേണ്ടി വരികയും ആയതിനാൽ പുതിയ ഭരണസമിതിക്കു ഉത്തരവാദിത്യം കൈമാറുവാൻ മെയ് 31 വരെ, 21 ദിവസത്തോളം കാലാവധി നീട്ടി വാങ്ങുവാൻ വിശേഷാൽ പൊതുയോഗം വിളിച്ചു ചേർക്കുവാൻ CMC തീരുമാനം എടുത്തു. CMC ഈ നിർദേശം ഏപ്രിൽ 20 ന് അടിയന്തിരമായി വിളിച്ചു ചേർത്ത വിശേഷാൽ പ്രവർത്തകസമിതിയിൽ അവതരിപ്പിച്ചു അംഗീകാരം നേടുകയും തുടർന്ന് വിശേഷാൽ പൊതുയോഗം വിളിച്ചു ചേർക്കാൻ അംഗീകാരം നൽകുകയും ചെയ്തു.

ഏപ്രിൽ 24 ബുധനാഴ്ച വൈകുംനേരം 7 മണിക്ക് SMCA അബ്ബാസിയ ഹാളിൽ വച്ചു ചേർന്ന പൊതുയോഗത്തിൽ SMCA പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴ പതാക ഉയർത്തുകയും ആ സമയം സജിവാംഗങ്ങളുടെ 25 % ഹാജരായിട്ടില്ല എന്ന കാരണത്താൽ അര മണിക്കൂർ അധികസമയം നൽകി പൊതു യോഗം ആരംഭി ക്കുകയും ചെയ്തു. SMCA പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴ വിശേഷാൽ പൊതുയോഗം വിളിച്ചു കൂട്ടാനുണ്ടായ സാഹചര്യം പൊതുയോഗത്തിൽ വിശദികരിക്കുകയും അംഗീകാരം അഭ്യർത്ഥിക്കുകയും ചെയ്തു. വിശദമായ ചർച്ചകൾക്ക് ശേഷം പൊതുയോഗം ഈ നിർദേശം അംഗീകരിക്കുകയും 28 മത് ഭരണസമിതിയുടെ കാലാവധി 2024 മെയ് 31 വരെ നീട്ടി കൊടുക്കുകയും ചെയ്തു.

**യാത്രയയപ്പുകൾ**

അബ്ബാസിയ സൈന്റ്റ് ഡാനിയേൽ കംബോണി ഇടവക അസി.വികാരിയും , കാറ്റെക്കിസം ഡയറക്ടറുമായി സേവനം അനുഷ്ട്ടിച്ചു വന്ന ഫാദർ പ്രകാശ് കാഞ്ഞിരത്തിങ്കൽ അച്ചൻ, തന്റെ കുവൈറ്റിലെ ദീർഘമായ 10 വർഷത്തെ സ്ലുത്യർഹമായ സേവനത്തിനു ശേഷം നാട്ടിലേക്ക് മടങ്ങുന്ന അവസരത്തിൽ അച്ചൻ കുവൈറ്റിലെ സീറോ മലബാർ മക്കൾക്കും , പ്രത്യേകിച്ച് അബ്ബാസിയ ഇടവകയിലെ SMCA കുടുംബാഗങ്ങളോടും കാണിച്ച കരുതലും സ്നേഹവും കണക്കിലെടുത്തു , അദ്ദേഹത്തിന് ഉചിതമായ യാത്ര അയപ്പ് നവംബർ മാസം 14 തിയതി വൈകിട്ട് 7 മണിക്ക് SMCA ഹാളിൽ വെച്ച് നടത്തുകയുണ്ടായി.

അബ്ബാസിയ ഏരിയ ജെനെറൽ കൺവീനർ ശ്രീ ഷാജു ദേവസി മുന്നിൽ നിന്ന് നയിച്ചു. അബ്ബാസിയ ബാലദീപ്തി കുട്ടികളുടെ പ്രാർത്ഥന ഗാനത്തോടെ ആരംഭിച്ച യോഗത്തിൽ SMCA ജനറൽ സെക്രട്ടറി ശ്രീ ബിനു ഗ്രിഗറി സ്വാഗതം ആശംസിച്ചു. SMCA പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴ അധ്യക്ഷത വഹിച്ച പ്രസ്തുത സമ്മേളനത്തിൽ , സീറോ മലബാർ എപ്പിക്കോസിപ്പൽ വികാർ ഫാ. ജോണി ലോനിസ് മുഖ്യപ്രഭാഷണം നടത്തി. പ്രകാശ് അച്ചനുമായി ഇത്രയും വർഷകാലം ഒരുമിച്ചു ക്രിസ്തുവിനെ മഹത്വപ്പെടുത്തുവാൻ കഴിഞ്ഞ നല്ല കാലത്തെ കുറിച്ച് അദ്ദേഹം തന്റെ പ്രസംഗത്തിൽ ഓർത്തെടുത്തു. കുട്ടികൾക്ക് പുതിയ പ്രകാശമായി മാറുവാൻ പ്രകാശ് അച്ചന് സാധിച്ചു എന്ന് അദ്ദേഹം എടുത്തു പറഞ്ഞു.

SMCA വിമൻസ് വിങ് പ്രസിഡന്റ് ശ്രീമതി ലൈറ്റ്സി സെബാസ്റ്റ്യൻ , SMYM പ്രസിഡന്റ് ശ്രീ ജിജിൽ മാത്യു. SMCA മുൻ പ്രസിഡന്റ് ശ്രീ ബെന്നി നാൽപതാകളം, ശ്രീ സാൻസിലാൽ,

SMCA സ്ഥാപകാംഗം ശ്രീ സൈജു മുളകുപാടം, KKCA പ്രസിഡന്റ് ശ്രീ സേമി ജോൺ, AKCC ഗ്ലോബൽ വൈസ് പ്രസിഡന്റ് ശ്രീ ബോബിൻ ജോർജ്, അബ്ബാസിയ ഏരിയ ട്രെഷർ ശ്രീ റീജോ ജോർജ്, മുൻ ജനറൽ സെക്രട്ടറിമാർ ആയ ശ്രീ ബിനിൽ കാലയിൽ, ശ്രീ ബിജു ആന്റോ, സാൽമിയ ഏരിയ സെക്രട്ടറി ശ്രീ ജെയിംസ് മോഹൻ, മുൻകാല ഏരിയ കൺവീനർമാരായ ശ്രീ റെജിമോൻ സേവ്യയർ, ശ്രീ സാബു സെബാസ്റ്റ്യൻ, ശ്രീ ജോസ് മത്തായി, ശ്രീ ബോബി കയ്യാലപറമ്പിൽ, സീറോമലബാർ മതബോധനകേന്ദ്രം പ്രധാന അധ്യാപകൻ ശ്രീ ജോബി മറ്റത്തിൽ , അബ്ബാസിയ മലയാളം മിഷൻ അസിസ്റ്റന്റ് ഹെഡ് മാസ്റ്റർ ശ്രീ രാജേഷ് കൂത്രപള്ളി എന്നിങ്ങനെ നിരവധി വ്യക്തിത്വങ്ങൾ പ്രകാശ് അച്ചൻ ഈ കാലയളവിൽ കുവൈറ്റിലെ സീറോമലബാർ സഭക്കും, പ്രത്യേകിച്ചു നമ്മുടെ കുട്ടികൾക്ക് ചെയ്ത എല്ലാ കാര്യങ്ങൾ നന്ദിയോടെ ഓർത്തെടുകുകയും ആശംസകൾ നേരുകയും ചെയ്തു. പ്രകാശ് അച്ചൻ സംഘടനയ്ക്കും സഭക്കും നൽകിയ സ്നേഹത്തിനും,സഹകരണത്തിനും, പ്രവർത്തങ്ങൾക്കും യോഗത്തിൽ ആശംസകൾ അർപ്പിച്ചവർ നന്ദിപറയുകയും, പുതിയ പ്രവർത്തന മേഖലയിൽ കൂടുതൽ ഊർജ്ജസ്വലനും കർമ്മോത്സുകനുയി , അനേകങ്ങൾക്കു പ്രകാശം വീശുന്ന നക്ഷത്രമായി ജ്വലിക്കട്ടെ എന്ന് ആശംസിക്കുകയും ഭാവുകങ്ങൾ നേരുകയും ചെയ്തു

പുതുതായി എത്തിയ ജോയ് മുണ്ടക്കൽ അച്ചനെ അബ്ബാസിയ ഏരിയ സെക്രട്ടറി ശ്രീ. മാത്യു ഫിലിപ്പ് മാർട്ടിൻ എല്ലാവർക്കുമായി പരിചയപ്പെടുത്തി. തുടർന്ന് ജോയി അച്ചന്റെ മറുപടി പ്രസംഗത്തിൽ SMCA യുടെ പ്രവർത്തനങ്ങളെ കുറിച്ച് നേരത്തെ തന്നെ അറിവുള്ളതു ആണ് എന്ന് പറഞ്ഞത് സദസ്സ് കൈയ്യടികളോടെ സ്വീകരിച്ചു. ശ്രീ ബൈജു ജോസഫ് & ടീം രൂപം കൊടുത്ത പ്രകാശ് അച്ചന്റെ ഇതുവരെയുള്ള ജീവിതത്തിന്റെ നേർസാക്ഷി പത്രം വീഡിയോയിലൂടെ അവതരിപ്പിച്ചു

തന്റെ ജീവിതത്തിന്റെ ഒരിക്കലും മറക്കാനാവാത്ത ഒരു കാലഘട്ടമാണ് കുവൈറ്റിൽ തനിക്കു ലഭിച്ചത് എന്ന് മറുപടി പ്രസംഗത്തിൽ പ്രകാശ് അച്ചൻ എടുത്തു പറഞ്ഞു. താൻ ഇപ്പോൾ ഇവിടെ നിന്നും പോകുന്നത് നിറഞ്ഞ മനസോടെ ആണെന്നും, തനിക്കു ഒരുപാട് കുടുംബങ്ങളെയു സുഹൃത്തുക്കളെയും ഈ കാലഘട്ടം കൊണ്ട് നേടുവാൻ സാധിച്ചുമെന്നും അദ്ദേഹം ഓർത്തെടുത്തു. ചില്പ്പോഴൊക്കെ സ്വരം മാറുന്നതും കണ്ഠം ഇടറുന്നതും മറച്ചു പിടിക്കാൻ അദ്ദേഹം പാടുപെടുന്നതായി സദസ്സിനു അനുഭപ്പെട്ടു. ഈ കാലയളവിൽ തനിക്കു തന്ന എല്ലാവിധ പിന്തുണക്കു അദ്ദേഹം നന്ദി പറയുകയും ,അതെ പിന്തുണ ജോയി അച്ചന് കൊടുക്കണം എന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു.

പ്രകാശ് അച്ചന്റെ യാത്ര അയപ്പിനു , അച്ചൻ പഠിപ്പിച്ച ബാലദീപ്തി കുട്ടികൾ മനോഹരമായ ഗാനം ആലപിച്ചു. കുമാരി മിലിയ രാജേഷ് പ്രോഗ്രാം നന്നായി അവതരിപ്പിച്ചു എല്ലാവരുടെയും മനസും ഹൃദയവും കീഴടക്കി. SMCA യുടെ സ്നേഹോപഹാരം ഏരിയ / സെന്റർ ഭാരവാഹികൾ അച്ചന് സ്നേഹപൂർവ്വം സമ്മാനിച്ചു. പ്രോഗാമിനു വേണ്ടി ഏകോപനം നടത്തിയ ട്രഷർ ശ്രീ റിജോ ജോർജ് , ഏരിയ ജോയിന്റ് സെക്രട്ടറി ശ്രീ ടോമി സിറിയക്, ശ്രീ ടോബി മാത്യു ഏരിയ സോണൽ ഭാരവാഹികൾ ശബ്ദവും വെളിച്ചവും നിയന്ത്രിച്ച ശ്രീ ജിമ്മി മാത്യു , പ്രോഗ്രാമിന്റെ സൗന്ദര്യം ഒട്ടും പോകാതെ ഒപ്പിയെടുത്ത ഷിജോ മഞ്ഞളി എന്നിവരെ പ്രത്യേകം സ്മരിക്കുന്നു.

പ്രോഗ്രാമിന്റെ വിജയത്തിനായി പങ്കെടുത്ത എല്ലാവർക്കും സെൻട്രൽ കൾച്ചറൽ കൺവീനർ ശ്രീ സന്തോഷ് ഓഡിറ്റിൽ പ്രത്യേകം നന്ദി പറഞ്ഞു. പ്രകാശ് അച്ചന്റെ

പ്രാർത്ഥനാശീവാദത്തോടു കൂടി യാത്രയയപ്പു യോഗം അവസാനിച്ചു. യോഗത്തിനു ശേഷം ഏരിയ സോഷ്യൽ കൺവീനർ ശ്രീ അനിൽ ജോസഫിന്റെ നേതൃത്വത്തിൽ സ്നേഹവിരുന്ന് നടത്തി.

.

കുവൈറ്റ് ഹോളി ഫാമിലി കത്തീഡ്രൽ പള്ളി ഇടവക അസി.വികാരിയും , കാറ്റെക്കിസം ഡയറക്ടറുമായി (സീറോ മലബാർ) സേവനം അനുഷ്ട്ടിച്ചു വന്ന ഫാദർ ജോൺസൺ ആരാശ്ശേരിയിൽ അച്ചൻ , തന്റെ കുവൈറ്റിലെ ദീർഘമായ 08 വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം നാട്ടിലേക്ക് മടങ്ങുന്ന ജോൺസൻ അച്ചൻ കുവൈറ്റിലെ സീറോ മലബാർ മക്കൾക്കും , പ്രത്യേകിച്ച് ,(അഹമ്മദി, സിറ്റി പള്ളി ഇടവകകളിലെ) SMCA കുടുംബാഗങ്ങളോടും കാണിച്ച കരുതലും സ്നേഹവും കണക്കിലെടുത്തു , അദ്ദേഹത്തിന് ഉചിതമായ യാത്ര അയപ്പ് നവംബർ മാസം 24-തീയതി വൈകിട്ട് 7 മണിക്ക് SMCA ഹാളിൽ വെച്ച് നടത്തുകയുണ്ടായി.

സിറ്റി ഫർവാനിയ ഏരിയ ജനറൽ കൺവീനർ ശ്രീ സെബാസ്റ്റ്യൻ പോൾ മുന്നിൽ നിന്ന് നയിച്ച സമ്മേളനത്തിൽ മിസ്സിസ് ബിനു നിജോ പ്രാർത്ഥന ഗാനം ആലപിക്കുകയും SMCA ജനറൽ സെക്രട്ടറി ശ്രീ ബിനു ഗ്രിഗറി സ്വാഗതം ആശംസിക്കുകയും ചെയ്തു. SMCA പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴ അധ്യക്ഷത വഹിച്ച പ്രസ്തുത സമ്മേളനത്തിൽ , സീറോ മലബാർ എപ്പിക്കോസിപ്പൽ വികാർ ഫാ. ജോണി ലോനിസ് മുഖ്യപ്രഭാഷണം നടത്തി.ജോൺസൻ അച്ചനുമായി ഇത്രയും വർഷകാലം ഒരുമിച്ചു ക്രിസ്തുവിനെ മഹത്വപ്പെടുത്തുവാൻ കഴിഞ്ഞ നല്ല കാലത്തെ കുറിച്ച് അദ്ദേഹം തന്റെ പ്രസംഗത്തിൽ ഓർത്തെടുത്തു. അബ്ബാസിയ സെന്റ് ദാനിയേൽ കോമ്പോനി ഇടവക അസിസ്റ്റന്റ് വികാരി ജോയ് മുണ്ടക്കൻ, ജോൺസൻ അച്ചനുമായി ഉള്ള ദീർഘകാലത്തെ സ്നേഹബന്ധം സദസ്സുമായി പങ്കു വച്ചു. SMCA ഫഹാഹീൽ ഏരിയ കൺവീനർ ശ്രീ അജോഷ് ആന്റണി, അബ്ബാസിയ ഏരിയ കൺവീനർ ശ്രീ ഷാജു ദേവസി, വിമൻസ് വിങ് സെക്രട്ടറി ശ്രീമതി ട്രിൻസി ഷാജു, ബാലദീപ്തി പ്രസിഡന്റ് മാസ്റ്റർ ഇമ്മനുവേൽ ജൈബി ഫർവാനിയ ഏരിയ ട്രെഷർ ശ്രീ ഫ്രാൻസിസ് പോൾ എന്നിവർ ആശംസകൾ നേർന്നു പ്രസംഗിച്ചു. SMCA മുൻ പ്രസിഡന്റ് ശ്രീ ബെന്നി നാൽപതാകളം, എസ്എംസിഎ മുൻ പ്രസിഡണ്ട് മാരായ ശ്രീ സാൻസിലാൽ,ശ്രീ റിജോയ് കേളംപറമ്പിൽ, SMCA സ്ഥാപകാഗം ശ്രീ സൈജു മുളകുപാടം, AKCC ഗ്ലോബൽ സെക്രട്ടറി ശ്രീ ആന്റണി മനോജ്, സീറോമലബാർ മതബോധനകേന്ദ്രം സിറ്റി കത്തിഡ്രൽ പ്രധാന അധ്യാപകൻ ശ്രീ സജി, അഹമ്മദി ഇടവക ഹെഡ് മാസ്റ്റർ ശ്രീ ജിം പറപ്പള്ളി എന്നിങ്ങനെ നിരവധി വ്യക്തിത്വങ്ങൾ ജോൺസൻ അച്ചൻ ഈ കാലയളവിൽ കുവൈറ്റിലെ സീറോമലബാർ സഭക്കും, പ്രത്യേകിച്ച് SMCA ക്കും ചെയ്ത എല്ലാ കാര്യങ്ങൾ നന്ദിയോടെ ഓർത്തെടുകുകയും ആശംസകൾ നേരുകയും ചെയ്തു.. ഫർവാനിയ ഏരിയ ജോയിന്റ് കൺവീനർ ശ്രീ സംഗീത് കുര്യന്റെ മനോഹരമായ ഗാനലാപനം യാത്രയപ്പിനു ഇരട്ടി മധുരം നൽകി. പുതുതായി എത്തിയ സോജൻ പോൾ അച്ചനെ സിറ്റി ഫർവാനിയ ഏരിയ കൺവീനർ ശ്രീ. സെബാസ്റ്റ്യൻ പോൾ എല്ലാവർക്കുമായി പരിചയപ്പെടുത്തി. ശ്രീ സുദീപ് , തോമസ് കറുകകളം (ഏരിയ സെക്രട്ടറി സിറ്റി ഫർവാനിയ) എന്നിവർ ചേർന്ന് രൂപം കൊടുത്ത ജോൺസൻ അച്ചന്റെ ഇതുവരെയുള്ള ജീവിതത്തിന്റെ നേർസാക്ഷി പത്രം വീഡിയോയിലൂടെ അവതരിപ്പിച്ചു.

തന്റെ ജീവിതത്തിന്റെ ഒരിക്കലും മറക്കാനാവാത്ത ഒരു കാലഘട്ടമാണ് കുവൈറ്റിൽ തനിക്കു ലഭിച്ചത് എന്ന് മറുപടി പ്രസംഗത്തിൽ ജോൺസൺ അച്ചൻ എടുത്തു പറഞ്ഞു. ഈ കാലയളവിൽ തനിക്കു തന്ന എല്ലാവിധ പിന്തുണക്കു അദ്ദേഹം നന്ദി പറയുകയും ,അതെ പിന്തുണ സോജൻ അച്ചന് തുടർന്നും നൽകണം എന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു.

ജോൺസൺ അച്ചന്റെ യാത്ര അയപ്പു സമ്മേളനം കുമാരി ടിയ മരിയ പ്രോഗ്രാം കോഡിനേറ്റർ ആയി തിളങ്ങി എല്ലാവരുടെയും മനസും ഹൃദയവും കീഴടക്കി. SMCA യുടെ സ്നേഹോപഹാരം ഏരിയ / സെന്റർ ഭാരവാഹികൾ അച്ചന് സ്നേഹപൂർവ്വം സമ്മാനിച്ചു. പ്രോഗാമിനു വേണ്ടി ഏകോപനം നടത്തിയ സെൻട്രൽ, ഏരിയ, സോണൽ ഭാരവാഹികൾ, പ്രത്യേകമായി , ശ്രീ ബിജു കാടംകുഴി, ജോസഫ് കളരിക്കൽ, ജിസ് എം ജോസ്, ഏരിയ മീഡിയ കോർഡിനേറ്റർ ജിസ്, രാജു ജോൺ, സുബിൻ, പാനിഷ്, പ്രിൻസ്, ഡോണൽ, ശബ്ദവും വെളിച്ചവും നിയന്ത്രിച്ച ശ്രീ ജിമ്മി മാത്യു , പ്രോഗ്രാമിന്റെ സൗന്ദര്യം ഒട്ടും പോകാതെ ഒപ്പിയെടുത്ത ഷിജോ മഞ്ഞളി എന്നിവരെ പ്രത്യേകം സ്മരിക്കുന്നു.

പ്രോഗ്രാമിന്റെ വിജയത്തിനായി പങ്കെടുത്ത എല്ലാവര്ക്കും സെൻട്രൽ ട്രെഷർ ശ്രീ ജോർജ് തെക്കേൽ പ്രത്യേകം നന്ദി പറഞ്ഞു. ജോൺസൻ അച്ചന്റെ പ്രാർത്ഥനാശീവാദത്തോടു കൂടി യാത്രയയപ്പു യോഗം അവസാനിച്ചു. യോഗത്തിനു ശേഷം സ്നേഹവിരുന്നും ഒരുക്കിയിരുന്നു.

ഈ സമ്മേളനങ്ങളിൽ പങ്കെടുത്തു പ്രകാശ് അച്ചനും ജോൺസൻ അച്ചനും ഉചിതമായ യാത്ര അയപ്പ് നൽകിയ എല്ലാ പ്രിയപ്പെട്ട കുടുംബാഗങ്ങൾക്കും SMCA കുവൈറ്റിന്റെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും അറിയിക്കുന്നു

### മുൻ സിഎംസി അംഗങ്ങളുടെ യാത്രയപ്പുകൾ

കഴിഞ്ഞ രണ്ട് കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി SMCA യുടെ മുഖമായിരുന്ന ശ്രീ ബിജോയ് കുന്നേലിന് അബ്ബാസിയ ഏരിയ നേതൃത്വത്തവുമായി ചേർന്ന് നൽകിയ യാത്രയപ്പ് ഹൃദ്യവും പ്രൗഢഗംഭീരവുമായി. മെയ് 20 ശനിയാഴ്ച UNITED INDIAN SCHOOL ൽ വച്ച് നടന്ന യാത്രയയപ്പ് സമ്മേളനം UK മുൻ നഗരസഭ മെമ്പറും AKCC ഗ്ലോബൽ പ്രവർത്തകസമിതിയംഗവുമായ ശ്രീ ടോം ആദിത്യ ഉദ്ഘാടനം ചെയ്തു. സീറോ മലബാർ പ്രവാസി കമ്മീഷൻ മുൻ ചെയർമാൻ അഭിവന്ദ്യ മാർ സെബാസ്റ്റിയൻ വടക്കേൽ, AKCC ഗ്ലോബൽ പ്രസിഡണ്ട് ബിജു പറയന്നിലം, SMCA KRF പ്രസിഡണ്ട് ശ്രീ ജേക്കബ് പൈനാടത്തു, SMCA KNA പ്രസിഡണ്ട് K M ചെറിയാൻ , എന്നിവർ വീഡിയോ സന്ദേശങ്ങളിലൂടെ ബിജോയുടെ പ്രവർത്തനങ്ങൾ അനുസ്മരിക്കുകയും യാത്ര മംഗളങ്ങൾ നേരുകയും ചെയ്തു. അബ്ബാസിയ സൈന്റ്റ് ഡാനിയേൽ കോംബോനി ഇടവക അസിസ്റ്റന്റ് വികാരി പ്രകാശ് കാഞ്ഞിരത്തിങ്കൽ ഉൾപ്പെടെ നിരവധി ആളുകൾ ആശംസകൾ അർപ്പിച്ചു. ബാലദീപ്തി കുട്ടികൾ അവതരിപ്പിച്ച സംഘനൃത്തങ്ങളും, ലഘു നാടകങ്ങളും നാട്ടിൽ നിന്ന് വന്ന കലാകാരന്മാർ അവതരിപ്പിച്ച സിനിമാറ്റിക് ഷോ പ്രവാസഗീതം ടീം അവതരിപ്പിച്ച സംഘഗാനം എന്നിവയും ആസ്വാദകരമായി.

SMCA യുടെ 24 മത് ജനറൽ സെക്രട്ടറി, മുൻ കൾച്ചറൽ കമ്മിറ്റി കൺവീനർ എന്നിങ്ങനെ സംഘടനയുടെ വിവിധ സ്ഥാനങ്ങളിലൂടെ സ്തുത്യർഹമായ സേവനം ചെയ്ത് ശ്രീ അനീഷ് തെങ്ങുംപള്ളിക്കും കുടുബത്തിനും സാൽമിയ ഏരിയായുടെ നേതൃത്വത്തിൽ

ഉചിതമായ യാത്രപ്പു നൽകി . ജൂൺ 7 മണിക്ക് സ്പന്ദൻ ഹാളിൽ വെച്ച് നടന്ന യാത്രപ്പ് സമ്മേളനത്തിൽ നിരവധി ആളുകൾ പങ്കെടുത്തു ആശംസകൾ അർപ്പിച്ചു കുട്ടികൾ അവതരിപ്പിച്ച സിനിമറ്റിക് ഡാൻസുകൾ പരിപാടിയുടെ മുഖ്യ ആകർഷണം ആയിരുന്നു.

SMCA മുൻ ജനറൽ സെക്രട്ടറി, കൾച്ചറൽ കമ്മറ്റി കൺവീനർ, ഏരിയ സെക്രട്ടറി എന്നിങ്ങനെ വ്യത്യസ്തങ്ങളായ സ്ഥാനങ്ങളിൽ ഇരുന്ന് രണ്ടു പതിറ്റാണ്ടിലേറെ സംഘടനക്കു  വേണ്ടി സേവനം ചെയ്ത ശ്രീ ഷാജി നഗരൂർ നാട്ടിലേക്ക് പോകാൻ അക്സ്മികമായി തീരുമാനം എടുത്തപ്പോൾ ഉടൻ തന്നെ അബ്ബാസിയ ഏരിയ കമ്മിറ്റി നേതൃത്വവുമായി ചേർന്ന് CMC അദ്ദേഹത്തിന് യാത്ര യാത്രയപ്പ് ഒരുക്കി. ജൂലൈ 30 വൈകുംനേരം 8 മണിക്ക് SMCA ഹാളിൽ ചേർന്ന സമ്മേളനത്തിൽ നിരവധി അംഗങ്ങൾ പങ്കെടുക്കുകയും അദ്ദേഹത്തിനു സ്നേഹശംസകൾ നേരുകയും ചെയ്തു.

SMCA യുടെ   ഏരിയ സെക്രട്ടറി, ഏരിയ ട്രെഷർ, സെൻട്രൽ സോഷ്യൽ കമ്മിറ്റി കൺവീനർ, കുടുംബ യൂണിറ്റു ലീഡർ എന്നിങ്ങനെ രണ്ടു പതിറ്റാണ്ടിൽ ഏറെ സംഘടനക്ക് വേണ്ടി സുത്യർഹമായ സേവനം നടത്തിയ ശ്രീ ബെന്നി ചിരപറമ്പനും കുടുംബത്തിനും സുത്യർഹമായ യാത്രയയപ്പു നൽകി. സെപ്റ്റംബർ 14 വൈകുന്നേരം 7:30  മണിക്ക് ഫഹാഹീൽ ഓഡിട്ടോറിയത്തിൽ വച്ചു ചേർന്ന യാത്രയപ്പ് യോഗത്തിൽ മുൻ മുഖ്യ ഭാരവാഹികൾ ഉൾപ്പെടെ നിരവധി പ്രമുഖർ ആശംസകൾ അർപ്പിച്ചു. നിരവധി അംഗങ്ങൾ കുടുംബസമേതം പങ്കെടുത്തു ശ്രീ ബെന്നിക്കും കുടുംബത്തിനും സ്നേഹശംസകൾ നേർന്നു.

SMCA സിറ്റി ഫർവാനിയായുടെ  സെക്രട്ടറി, CMC അംഗം , ദീർഘകാലം കുടുംബകൂട്ടായ്മ ലീഡർ,  സാൽമിയ ഏരിയ സെന്റ് മേരീസ് കുടുംബ യൂണിറ്റിലെ  മുൻ യൂണിറ്റ് ലീഡർ എന്നിങ്ങനെ സംഘടനക്കു വേണ്ടി സ്തുത്യർഹമായ സേവനം  നൽകിയ ശ്രീ പ്രിൻസൺ അംബൂക്കാന്  സാൽമിയ ഏരിയയുടെ നേതൃത്വത്തിൽ  മാർച്ച് മാസം ഏഴാം തീയതി വൈകിട്ട് ഏഴു മണിക്ക സാൽമിയ SMCA ഹാളിൽവച്ച് നടത്തപ്പെട്ട യാത്രയയപ്പ് സമ്മേളനത്തിലും, SMCA സിറ്റി ഫർവാനിയായുടെ മുൻ കൺവീനർ, കേന്ദ്ര കൾച്ചറൽ കമ്മിറ്റി കൺവീനർ, 28 മത് ഭരണസമിതിയിലെ സോൺ 2 ട്രെഷർ എന്നിങ്ങനെ സംഘടനക്കു വേണ്ടി സ്തുത്യർഹമായ സേവനം  നൽകിയ ശ്രീ ജിസ്സ് മോനു  മാർച്ച് മാസം 15 ന് വൈകിട്ട് ഏഴു മണിക്ക് ( 15th March 2024, 7:00 PM ) റിഗ്ഗാ സിംഫണി ഹാളിൽവച്ച് നടത്തപ്പെടുന്ന യാത്രയയപ്പ് സമ്മേളനത്തിലും നിരവധി അംഗങ്ങൾ പങ്കെടുത്തു

SMCA കുവൈറ്റിന്റെ ഇപ്പോഴത്തെ CMC അംഗവും, മുൻ ഏരിയ കമ്മിറ്റി അംഗവും ആയ ശ്രീ സൈമൺ ഫ്രാൻസിസ് കന്നത്ത്, മുൻ ഏരിയ കൺവീനറും , മുൻ CMC അംഗവും, മുൻകുടുംബയൂണിറ്റ് ലീഡറും, മുൻ ഇലക്ഷൻ കമ്മീഷണറും, SMCA മലയാളം ക്ലാസുകളുടെ ആദ്യത്തെ പ്രധാന അധ്യാപകനുമായിരുന്ന ജോസ് മാത്യു ചൂനാട്ട് എന്നിങ്ങനെ സംഘടനക്ക് വേണ്ടി സുത്യർഹമായ സേവനം ചെയ്ത മഹത് വ്യക്തിത്വങ്ങൾ കുവൈറ്റിലെ പ്രവാസജീവിതം മതിയാക്കി നാട്ടിലേക്കു പോകുന്ന അവസരത്തിൽ CMC ഫഹാഹീൽ ഏരിയായുമായി ചേർന്ന് ഏപ്രിൽ മാസം 18 വ്യാഴാഴ്ച വൈകുന്നേരം 7:00 മണിക്ക് ഫഹാഹീൽ ഏരിയായിലെ ഫഹാഹീൽ ഓഡിറ്റോറിയത്തിൽ വച്ചു നടത്തപ്പെട്ട യാത്രയപ്പ് സമ്മേളനവും SMCA കുടുംബാഗങ്ങളുടെ സജീവ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

## സ്വീകരണങ്ങൾ

കുവൈറ്റ് പാർലമെന്റ് ഇലക്ഷൻ റിപ്പോർട്ട് ചെയ്യുവാനായി ഗവണ്മെന്റ് അതിഥിയായി കുവൈറ്റിലെത്തിയ ദീപിക അസോസിയേറ്റ് എഡിറ്ററും ഡൽഹി ബ്യൂറോ ചീഫുമായ ശ്രീ ജോർജ് കല്ലുവേലിനു SMCA സ്വീകരണം നൽകി. അബ്ബാസിയ SMCA ഹാളിൽ വച്ചു വിശുദ്ധ അൽഫോൻസാമ്മയുടെ മദ്യസ്ഥപ്രാർത്ഥനക്കു ശേഷം ചേർന്ന സ്വീകരണയോഗത്തിൽ SMCA പ്രസിഡന്റ് സുനിൽ റാപ്പുഴ, അബ്ബാസിയ ഏരിയ കൺവീനർ ശ്രീ ഷാജു ദേവസി, സ്ഥാപകാംഗം ശ്രീ സൈജു മുളകുപാടം എന്നിവർ ചേർന്ന് അദ്ദേഹത്തിന് സ്മരണിക നൽകി അദരിക്കുകയുണ്ടായി. തുടർന്ന് അദേഹത്തിന്റെ സ്വതസിദ്ധമായ ശൈലിയിൽ ഉള്ള മറുപടി പ്രസംഗം നിറഞ്ഞ കൈയ്യടികളോടെ ജനം സ്വീകരിച്ചു.

നമ്മുടെ ദുക്റാന തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുക്കാൻ നമ്മുടെ ക്ഷണം സ്വീകരിച്ചു കുവൈറ്റിൽ എത്തിയ AKCC ഗ്ലോബൽ പ്രസിഡന്റ് ശ്രീ ബിജു പറയനിലം അംഗങ്ങളുമായി സ്നേഹസംവാദത്തിൽ ഏർപ്പെട്ടു. ജൂലൈ 10 നു വൈകുന്നേരം 7 മണി മുതൽ SMCA ഹാളിൽ ചേർന്ന സ്നേഹസംഭാക്ഷണത്തിൽ നിരവധി ആളുകൾ പങ്കെടുക്കുകയും അവരുടെ സംശയങ്ങൾക്ക് അദ്ദേഹം  വ്യക്തവും കൃത്യവുമായ മറുപടി നൽകുകയും ചെയ്തു. SMCA മാത്രമാണ് കുവൈറ്റിലെ AKCC യുടെ അംഗീകാരം ഉള്ള ഏക സംഘടന എന്ന് അദ്ദേഹം ശക്തിയുക്തം പ്രസ്താവിച്ചു. AKCC ഇ വസ്തുത രേഖാമൂലം തന്നെ SMCA കുവൈറ്റിന് നല്കിയിട്ടുള്ളതാണെന്നും അദ്ദേഹം ഓർമിപ്പിച്ചു

## ട്രെയിനിങ് സെഷൻ

SMCA കുവൈറ്റ് പുതുതായി ആരംഭിച്ച വിമൻസ് വിംഗ്, യുവജനവിഭാഗമായ SMYM എന്നിവയുടെ ഭാരവാഹികൾക്കായി SMCA കുവൈറ്റിനെയും അതിന്റെ മാർഗദീപമായി നിലകൊള്ളുന്ന നിയമാവലികളെയും അടുത്തറിയുവാനും മനസിലാക്കുവാനും ആയി ഒരു ഒരു ട്രെയിനിങ് സെഷൻ ഓഗസ്റ്റ് 26, 5:00 PM നു SMCA അബ്ബാസിയ ഏരിയ ഹാളിൽ വച്ചു കൂടുകയുണ്ടായി. SMCA മുൻ പ്രസിഡന്റ് ശ്രീ സാൻസിലാൽ ചാക്കിയത്ത് നയിച്ച ക്ലാസ്സുകൾ നിരവധി വിമൻസ് വിംഗ്, SMYM അംഗങ്ങൾ പങ്കെടുത്തു. കൂടാതെ 2024-25 പ്രവർത്തനവർഷത്തിലേക്ക് കുടുംബയൂണിറ്റുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വാർഡ് പ്രതീനിധികൾക്കായി SMCA കുവൈറ്റിന്റെ പ്രവർത്തനങ്ങളെയും  അതിന്റെ മാർഗ്ഗദീപമായി നിലകൊള്ളുന്ന നിയമാവലിയെയും അടുത്തറിയുവാനും മനസിലാക്കാനുമായി ഒരു ട്രെയിനിങ് സെഷൻ  ഏപ്രിൽ 30 ചൊവ്വാഴ്ച വൈകുന്നേരം 7 മണിക്ക് SMCA അബ്ബാസിയ SMCA  ഹാളിൽ വച്ചു  നടത്തപ്പെടുകയും പുതുതായി തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ആവേശപൂർവം അതിൽ പങ്കു ചേരുകയും ചെയ്തു.

## ജീവകാരുണ്യ പ്രവർത്തങ്ങൾ

ജീവകാരുണ്യ പ്രവർത്തങ്ങൾ SMCA കുവൈറ്റിന്റെ മുഖമുദ്ര ആണല്ലോ. ഹൗസിങ് പ്രൊജക്റ്റുകൾ കൂടാതെ 28 മത് പ്രവർത്തനവർഷത്തിലും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി കുവൈറ്റിലും നാട്ടിലുമായി നാൽപതു ലക്ഷത്തിലേറെ തുക മാറ്റി വയ്ക്കുകയുണ്ടായി. 4 ഏരിയാകളിലെയും വിവിധ സോണുകളിൽ ലഭിച്ച അപേക്ഷയിൽമേൽ ചിലവാക്കിയ തുകയുടെ വിശദവിവരങ്ങൾ ഏരിയ

റിപ്പോർട്ടുകളിൽ ഉൾകൊള്ളിച്ചിട്ടുള്ളതിനാൽ ഇവിടെ വീണ്ടും അവർത്തിക്കുന്നില്ല. രൂപതാദ്ധ്യക്ഷൻ മാർ പോളി കണ്ണുക്കാടൻ പിതാവിന്റെ അഭ്യർത്ഥനയാൽ ഇരിങ്ങാലക്കുട രൂപതയിൽ പുതുതായി ആരംഭിക്കുന്ന പാലിയേറ്റിവ് കെയർ യൂണിറ്റിനുള്ള (ഹൃദ്യയ) ഉള്ള SMCA കുവൈറ്റ് വിഹിതം 3 ലക്ഷം രൂപയും SMCA നൽകുകയുണ്ടായി

## ബാലദീപ്തി

മാർത്തോമ്മനസ്രാണികളുടെ തനതു പരബര്യവും പൈതൃകവും വിശ്വാസവും അടുത്ത തലമുറക്ക് പകരുവാൻ രൂപം കൊണ്ട SMCA അതിന്റെ കുട്ടികളുടെ പ്രസ്ഥാനമായ ബാലദീപ്തിയിലൂടെ ഉദ്ദേശലക്ഷ്യങ്ങൾ നേടിയെടുത്തു പ്രയാണം ചെയ്യുകയാണ്. മൂല്യബോധമുള്ള ഉത്തമക്രിസ്തു ശിഷ്യരായി വളർന്നു കൊണ്ട് ഇ ലോകത്തിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാൻ തക്കവണ്ണം നമ്മുടെ കുഞ്ഞുങ്ങളെ ഒരുക്കുവാൻ നിരവധി പരിശ്രമങ്ങളുമായി ബാലദീപ്തി മുന്നോട്ടു പോകുന്നു. സി ന്യൂസ് ചാനൽ SMCA കുവൈറ്റുമായി ചേർന്ന് നടത്തിയ ഓൺലൈൻ സെമിനാരിൽ നമ്മുടെ നിരവധി കുട്ടികൾ പങ്കെടുത്തു..

## സമ്മർ ക്യാമ്പ് – WINGS TO WIN

SMCA കുവൈറ്റ് ബാലദീപ്തി കുട്ടികളുടെ 3 ദിവസത്തെ സമ്മർ ക്യാമ്പ് 2023 wings to win കബദ് ശാലയിൽ ഓഗസ്റ്റ് 3 വ്യാഴാഴ്ച വൈകിട്ട് ആരംഭിച്ചു ശനിയാഴ്ച വൈകിട്ട് 6 മണിയോടെ സമാപിച്ചു. SMCA കുവൈറ്റ് പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴ ആക്ടിങ് ജനറൽ സെക്രട്ടറി ശ്രീ ഡേവിഡ് ആന്റണി ട്രെഷർ ശ്രീ ജോർജ് തെക്കേൽ, ബാലദീപ്തി ചീഫ് കോഡിനേറ്റർ ബൈജു ജോസഫ്, എന്നിവർ മുന്നിൽ നിന്ന് നയിച്ചപ്പോൾ കുട്ടികൾക്ക് അത് നവഉന്മേഷവും ഊർജ്ജവുമായി. ചിരിച്ചും കളിച്ചും രസിച്ചും ഉല്ലസിച്ചും ചിന്തിച്ചും കുട്ടികളെ ഒരു പുതിയ അനുഭവത്തിലേക്കു നയിക്കുവാൻ ക്യാബ് മെന്റർമാരായ ശ്രീ സിജു തോമസ്, സാജൻ പാപ്പച്ചൻ, എന്നിവർക്ക് സാധിച്ചു. 156 കുട്ടികൾ പങ്കെടുത്ത 3 ദിവസത്തെ ക്യാമ്പ് ലൈഫ് സ്റ്റൈൽ, ട്രെയിനിങ്, കോൺഫിഡൻസ് ബിൽഡിംഗ്, സ്ട്രെസ് മാനേജ്മെന്റ്, എന്നിങ്ങനെ ആനുകാലികമായ പ്രശകതമായ വിഷയങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണം എന്ന് കുട്ടികളെ ബോധവത്കരിച്ചു. SMYM വനിതാ വിഭാഗം പ്രസിഡന്റ് ലിസി സെബാസ്റ്റ്യൻ, ബാലദീപ്തി ജനറൽ സെക്രട്ടറി കുമാരി മേരി സിജോ, SMCA കേന്ദ്ര ഏരിയ ഭാരവാഹികൾ, വിമൻസ് വിംഗ്, SMYM അംഗങ്ങൾ, മുൻ ഭാരവാഹികൾ, എന്നിവർ എല്ലാം കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നതിനായും അവരെ സഹായിക്കുന്നതിനായും 3 ദിവസം കൂടെ ഉണ്ടായിരുന്നു. മലയാളം മിഷൻ അധ്യാപകർ, വോളന്റിയെഴ്സ്, എന്നിവർ കുട്ടികളുടെ ക്യാമ്പ് മനോഹരമാക്കുവാൻ മുന്നിൽ നിന്ന് പ്രവർത്തിച്ചു. സോഷ്യൽ കൺവീനർ ശ്രീ സന്തോഷ് കളരിക്കലിന്റെ ഏരിയ സോഷ്യൽ കൺവീനർമാരുടെയും നേതൃത്തത്തിൽ ആയിരുന്നു കുട്ടികൾക്കുള്ള ഭക്ഷണം ഒരുക്കിയിരുന്നത്. 3 ദിവസത്തെ ക്യാമ്പ് മറക്കാനാവാത്ത അനുഭവമാണ് കുട്ടികൾക്ക് സമാനിച്ചത്. സ്നേഹ ബഹുമാനപ്പെട്ട ജോണി ലോണിസ് മഴവച്ചേരിൽ അച്ച നും സ്നേഹ ബഹുമാനപ്പെട്ട പ്രകാശ് അച്ചനും ക്യാമ്പ് സ സദർശിച്ചതു അനുഗ്രഹപ്രദമായി.

## ഫുട്ബോൾ ടൂർണമെന്റ്

കാൽപന്തു കളിയുടെ ആവേശം വാനോളം ഉയർത്തികൊണ്ട് SMCA കുവൈറ്റ് ബാലദീപ്തി അണിയിച്ചൊരുക്കിയ ഫുട്ബോൾ ടൂർണമെന്റ് 02/02/2024 വെള്ളിയാഴ്ച ഉച്ചക്ക് 2:00 മുതൽ ഫുട്ബോൾ ഫീൽഡ് സൂക് സമ്പ ഫഹാഹീൽ വച്ചു നടത്തപ്പെട്ടു. SMCA കുവൈറ്റിന്റെ നാലു ഏരിയാക്കും നിർദേശിക്കപ്പെട്ടിരുന്ന നിറങ്ങളോട് കൂടിയ പതാകയും എന്തിയ ഏരിയ കൺവീനർമാരും അവർക്കും പിന്നിൽ ഏരിയ പ്ലക്കാർഡ് എന്തിയ ബാലദീപ്തി കോഡിനേറ്റർമാരും അവർക്കു പിന്നിൽ ടീമിന്റെ പേര് അടങ്ങി പ്ലേക്കാർഡ് മായി കുട്ടികളും വരിവരിയായി മാർച്ച് പാസ്റ്റിൽ അണിനിരക്കുകയും SMCA പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴ സല്യൂട്ട് സ്വീകരിക്കുകയും ചെയ്തപ്പോൾ അത് കാണികൾക്ക് കണ്ണിനു കുളിർമയും മനസിനു നവ്യമായ ഒരു അനുഭൂതിയും ആയി. കൾച്ചറൽ കമ്മിറ്റി കൺവീനർ ശ്രീ സന്തോഷ് ഓടേട്ടിലിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച ഉത്ഘാടന മത്സരത്തിൽ ജനറൽ സെക്രട്ടറി ശ്രീ ബിനു ഗ്രിഗറി സ്വാഗതം അശംസിച്ചു. തുടർന്നു SMCA പ്രസിഡന്റ് ശ്രീ റാപ്പുഴ കിക്ക് ഓഫ് ചെയ്തു മത്സരം ഔദ്യോഗികമായി ഉത്ഘാടനം ചെയ്തു.

സീനിയർ / ജൂനിയർ മത്സര ഇനങ്ങളിൽ സമ്മാനർഹരായവർ ഇവരാണ്.

Champions senior- Bronze Royals - Fahaheel

1st Runner up Senior- Falcons FC - Abbassiya

2nd Runner up Senior- Seven Stars - City/Farwania

Champions Junior- Ruby Dragons - Fahaheel

1st Runner up Junior- Salmiya Super Heros Salmiya

2nd Runner up Junior- War Eagles - Abbassiya

Senior Best player - Augustine Antony Fahaheel

Best Goal Keeper - Christo Joseph Abbassiya

Top scorer - Augustine Antony Fahaheel

Juniors - Best player - Aron Joseph Jimmy

Best Goal Keeper- Kion Gladis Salmiya

Top scorer - Godson Baiju Salmiya

ഏരിയ കൺവീനർമാരായ ഷാജു ദേവസി, ടോം ഇടയോടി, അജോഷ് ആന്റണി, സെബാസ്റ്റ്യൻ പോൾ, കോർട്ട് സൂപ്പർവൈസർമാരായ സന്തോഷ് ഓടേട്ടിൽ, സന്തോഷ് ജോസഫ്, ഓഫീസിന്റെ ചാർജ് വഹിച്ച ബോബിൻ ജോർജ് , ജിജിമോൻ കുരിയാള, ലിറ്റസി സെബാസ്റ്റ്യൻ, ഡേവിഡ് ആന്റണി, വോളന്റിയർ ക്യാപ്റ്റൻ വൈസ് പ്രസിഡന്റ് ബോബി തോമസ്, ഭക്ഷണവും മറ്റു അറേഞ്ച്മെന്റുകളും ചെയ്ത സന്തോഷ് കളരിക്കൽ, ജോജി ജോസഫ്, ബിജു കാടൻകുഴി, ജിമ്മി പറോക്കാരൻ, കോർട്ട് ബുക്ക് ചെയ്യുന്നത് മുതൽ എല്ലാം കാര്യങ്ങൾക്കും കൂടെ നിന്ന C D ബിജു, SMYM പ്രസിഡന്റ് ജിജിൽ മാത്യു, മീഡിയ കോഡി നേറ്റർ സുദീപ് തോമസ്, ഫസ്റ്റ് എയ്ഡ് കൈകാര്യം ചെയ്ത ഷിബിൻ & ജോജി കോർട്ട് മാനേജർമാരായും സ്കോർമാരായും പ്രവർത്തിച്ച നിരവധി വോളന്റിയർമാർ, CMC, ഏരിയ കമ്മിറ്റി അംഗങ്ങൾ എന്നിങ്ങനെ നിരവധി സുമനസ്സുകളുടെ പ്രത്നമായിരുന്നു നമ്മുടെ ഫുട്ബോൾ ടൂർണമെന്റിന്റെ വിജയം. SMCA മെഗാ പ്രോഗ്രമിനോട് അനുബന്ധിച്ചു പുറത്തിറക്കുന്ന രാഫിൾ കൂപ്പന്റെ ഔദ്യോഗികമായ ഉത്ഘടനവും ഇ അവസരത്തിൽ നിർവഹിക്കുകയുണ്ടായി. അഹമ്മദി പാരിഷ് അസിസ്റ്റന്റ് വികാരി ബഹുമാനപ്പെട്ട ജിജോ തോമസ് അച്ചൻ , സിറ്റി കത്തിഡ്രൽ അസിസ്റ്റന്റ് വികാരി ബഹുമാനപ്പെട്ട സോജൻ പോൾ അച്ചൻ, ബിഷപ്പ് സെക്രട്ടറി ബഹുമാനപ്പെട്ട ലിജോ എബ്രഹാം അച്ചൻ എന്നിവരുടെ സാനിധ്യം നമ്മുടെ ടൂർണമെന്റിനെ ധന്യമാക്കി.

**ANGELS MEET 2023-24 ( മാലാഖക്കൂട്ടം )**

ഈ വർഷം കുവൈറ്റിലും നാട്ടിലുമായി ആഘോഷപൂർവ്വമായ വിശുദ്ധ കുർബാന സ്വീകരണം നടത്തിയ കുട്ടികളുടെ സംഗമം " ANGELS MEET 2023-24 ( മാലാഖക്കൂട്ടം ) ഫെബ്രുവരി 9, വെള്ളിയാഴ്ച വൈകുന്നേരം 5:30 മുതൽ SMCA അബ്ബാസിയ ഹാളിൽ വച്ചു നടത്തപ്പെട്ടു.ദിവ്യകാരുണ്യ ഈശോയ്ക്ക് നന്ദി പറഞ്ഞു കൊണ്ടുള്ള ആമുഖ ഗാനത്തോടെ ആരംഭിച്ച പരിപാടി കുട്ടികളുടെ പ്രേഷിത ചൈതന്യം കൂടി വെളിവാക്കുന്നതായിരുന്നു. സെൻട്രൽ കൾച്ചറൽ കമ്മിറ്റി അംഗം ശ്രീ സാം ആന്റണിയുടെ പ്രാർത്ഥനയോടെ ആരംഭിച്ച അനുമോദനയോഗത്തിനു SMCA ജനറൽ സെക്രട്ടറി ശ്രീ ബിനു ഗ്രിഗറി സ്വാഗതം ആശംസിക്കുകയും SMCA ആക്ടിങ് പ്രസിഡന്റ് ശ്രീ ബോബി തോമസ് കയ്യാലപറമ്പിൽ അദ്ധ്യക്ഷത വഹിക്കുകയും നോർത്തേൻ അറേബ്യൻ എപ്പിസ്കോപ്പൽ വികാറും അബ്ബാസിയ സെന്റ് ദാനിയേൽ കമ്പോണി ഇടവക വികാരിയും ആയ ബഹുമാനപ്പെട്ട ജോണി ലോനിസ് മഴുവൻചേരിൽ അച്ചൻ അനുഗ്രഹപ്രഭാഷണം നൽകുകയും ചെയ്തു. പ്രശസ്ത മജിഷ്യൻ ശ്രീ വിനോദ് വിസ്മയം ഒരുക്കിയ മാജിക് ഷോ കാണികളെ മാജിക്കിന്റെ വിസ്മയഭരിതരാക്കി. തുടർന്ന് മാലാഖകൂട്ടത്തിൽ പങ്കെടുത്ത 150 ൽ പരം കുഞ്ഞുങ്ങൾക്ക് സംഘടനയുടെ സ്നേഹാദരവുകൾ, (മൊമെന്റോ) നൽകുകയുണ്ടായി. ബാലദീപ്തി ചീഫ് കോഡിനേറ്റർ ശ്രീ ബൈജു ജോസെഫിന്റെ നേതൃത്വത്തിൽ ഏരിയ കൺവീനർമാരായ ശ്രീ ഷാജു ദേവസി, ശ്രീ ടോം ഇടയോടി, ശ്രീ സെബാസ്റ്റ്യൻ പോൾ, ശ്രീ അജോഷ് ആന്റണി, ജോയിന്റ് സെക്രട്ടറി ശ്രീ ഡേവിഡ് ആന്റണി, ഓഫീസ് സെക്രട്ടറി ശ്രീ ജിജിമോൻ കുരിയാള, ആർട്ട്സ് കൺവീനർ ശ്രീ സന്തോഷ് ജോസഫ്, കൾച്ചറൽ കൺവീനർ ശ്രീ സന്തോഷ് ഓടേട്ടിൽ, സോഷ്യൽ കമ്മിറ്റി അംഗങ്ങൾ ആയ ശ്രീ ജോജി ജോസഫ്, ബിജു കാടൻകുഴി, ശ്രീ ഡെന്നി സേവിയർ, കൾച്ചറൽ കമ്മിറ്റി അംഗങ്ങൾ ആയ ശ്രീ ലിൻസു സെബാസ്റ്റ്യൻ, ശ്രീ ജോസഫ് മാത്യു, വിമൻസ് വിംഗ് ആഡ്ഹോക് കമ്മിറ്റി പ്രസിഡന്റ് ശ്രീമതി ലിറ്റ്സി സെബാസ്റ്റ്യൻ, സെക്രട്ടറി ശ്രീമതി ട്രിൻസി ഷാജു, SMYM പ്രസിഡന്റ് ശ്രീ

ജിജിൽ മാത്യു, ബാലദീപ്തി പ്രസിഡന്റ് മാസ്റ്റർ ജൈബി ഇമ്മനുവേൽ, ബാലദീപ്തി കോഡിനേറ്റർമാർ ആയ ശ്രീ അനീഷ് ഫിലിപ്പ്, ശ്രീ ജോയ് ആഗസ്റ്റിൻ, ശ്രീ ഡാൻറ്റീസ് തോമസ്, ശ്രീ പ്രിൻസ് ജോസഫ് എന്നിവർ പരിപാടികൾക്ക് നേതൃത്വംനൽകി. ട്രെഷർ ശ്രീ ജോർജ് തേക്കിലിന്റെ നന്ദിയോടെയും ബൈജു ജോസെഫിന്റെ പ്രാർത്ഥനയോടെയും അനുമോദന ചടങ്ങിന് പരിസമാപ്തിയായി.

**മലയാളം മിഷൻ SMCA കുവൈറ്റ് മേഖല**

എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം ...!!

സീറോ മലബാർ കൾച്ചറൽ അസോസിയേഷൻ കുവൈറ്റിന്റെ വിവിധ പ്രവർത്തന മേഖലകളിൽ ഏറെ ഗൗരവവും പ്രാധാന്യവുമേറിയ ഒന്നാണ് മലയാളഭാഷാ പഠനവുമായി ബന്ധപ്പെട്ട മേഖല പഠനേകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ. മലയാളിയുടെ ജീവിത പരിസരങ്ങളും കേരളത്തിന്റെ ഭൂപ്രകൃതിയും മറ്റു സാംസ്കാരികസവിശേഷതകളും സാഹിത്യ സൃഷ്ടികളും ഒക്കെ ഇവിടെ വിവിധ ഭാഷാ വ്യവഹാര രൂപങ്ങളായി കുട്ടികൾക്കു പഠിക്കുവാനും മനസ്സിലാക്കുവാനും സാധിക്കുന്നു.

"എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം"എന്ന വലിയ ഉദ്യമത്തിൽ നാമും പങ്കു ചേരുകയാണിവിടെ. പ്രവാസികളായ നമ്മുടെ ഓരോ കുട്ടികളുടേയും വ്യക്തിത്വ വികസനത്തിലും സർഗ്ഗാത്മകതയിലും ഭാഷയുടെയും നമ്മുടെ സംസ്കാരത്തിന്റെയും പ്രത്യേക സ്വാധിനം മനസ്സിലാക്കി കേരളത്തിന്റെ ഭാഷയും സംസ്കാരവും പൈതൃകവും പുതു തലമുറയിലേക്ക് പകർന്നു കൊടുക്കുക എന്ന ഒരു വലിയ ഉത്തരവാദിത്വമാണ് നാം ഏറ്റെടുത്തിരിക്കുന്ന കേരള സർക്കാർ മലയാളം മിഷൻ പ്രവർത്തനം .മലയാളം മിഷൻ ഇന്ന് ലോകമെമ്പാടും പടരുന്നു എന്നതും, നമ്മളും ഇതിൽ പങ്കാളികളാകുന്നു എന്നതും ഏറെ അഭിമാനാർഹമാണ്.

2023- 2024 SMCA കുവൈറ്റ് മേഖലാ പ്രവത്തനങ്ങൾ:

പഠന കേന്ദ്രങ്ങൾ - അബ്ബാസിയാ ഏരിയ-6, ഫാഹീൽ-4, സാൽമിയ-2. സിറ്റി ഫർവാനിയ-1. ഈ പഠന കേന്ദ്രങ്ങളിലായി കണിക്കൊന്ന-468, സൂര്യകാന്തി-252, ആമ്പൽ-112, നീലക്കുറിഞ്ഞി-95 എന്നിങ്ങനെ വിവിധ കോഴ്സുകളിൽ കുട്ടികൾ രജിസ്റ്റർ ചെയ്തു പഠനം നടത്തിവരുന്നു. കൂടാതെ അവധിക്കാല മലയാളം ക്ലാസ്സുകൾ, തുടർപഠന ക്ലാസ്സുകൾ എന്നിവയും നടന്നു വരുന്നു

പഠനോത്സവം2024 - കണിക്കൊന്ന സൂര്യകാന്തി ആമ്പൽ കോഴ്സുകളുടെ പരീക്ഷയായ "പഠനോത്സവം 2024" ഏപ്രിൽ 19 -ആം തിയതി വെള്ളിയാഴ്ച മലയാളം മിഷൻ കുവൈറ്റ് ചാപ്റ്ററിന്റെ നേതൃത്വത്തിൽ അബ്ബാസിയാ യുണൈറ്റഡ് ഇന്ത്യൻ സ്കൂളിൽ വച്ച് നടന്നു. നമ്മുടെ മേഖലയിൽ നിന്നും 460 കുട്ടികൾ വിവിധ പരീക്ഷകളിൽ പങ്കെടുത്തു. വിജയികളാകുന്ന കുട്ടികൾക്ക് കേരളം സർക്കാർ മലയാളം മിഷൻ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതാണ്. പത്താം ക്ലാസ്സ് തുല്യതാ കോഴ്സായ നീലക്കുറിഞ്ഞി പരീക്ഷ പിന്നീട് കേരള പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള പരീക്ഷാഭവൻ നേരിട്ടു നടത്തുന്നതാണ്. -കുട്ടികൾക്കായി കേരളത്തിലും പരീക്ഷാ സെന്ററുകൾ ഉണ്ടായിരിക്കും.

പ്രവേശനോത്സവം - 2023-2024 അദ്ധ്യയന വർഷത്തെ പ്രവേശനോത്സവം വിവിധ പഠന കേന്ദ്രങ്ങളുടെ നേതൃതത്തിൽ സെപ്റ്റംബർ മാസത്തിൽ നടന്നു. വിശിഷ്ടാതിഥികൾ പങ്കെടുത്തു.

അദ്ധ്യാപക പരിശീലനം - "പഠനോത്സവം 2024" നോട് അനുബന്ധിച്ചു നടന്ന അദ്ധ്യാപക പരിശീലനത്തിൽ മേഖലയിൽ നിന്നുമുള്ള അദ്ധ്യാപകരും പങ്കെടുത്തു. മലയാളം മിഷൻ തയ്യാറാക്കിയ ബോധി കലണ്ടർ പ്രകാരമുള്ള അദ്ധ്യാപക പരിശീലന പരിപാടികളിലും നമ്മുടെ അധ്യാപകർ പങ്കെടുത്ത് വിദഗ്ദ്ധ പരിശീലനം തുടർച്ചയായി നേടിക്കൊണ്ടിരിക്കുന്നു.

മലയാള മാസാചരണം - കേരളപ്പിറവിയോട് അനുബന്ധിച്ചു 2023 നവംബർ മാസത്തിൽ മലയാള മാസാചരണം സംഘടിപ്പിക്കപ്പെട്ടു. മേഖലാകേന്ദ്രത്തിന്റെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളിൽ പ്രഗത്ഭരായ വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് ഓൺലൈൻ സെമിനാറുകൾ നടന്നു. ഭാഷാപ്രതിജ്ഞയും സംഘടിപ്പിക്കപ്പെട്ടു. ശ്രീ: സുരേഷ് കീഴില്ലം (കഥയും കവിതയും വായിച്ചിട്ട് എന്ത് ), റവ.ഡോ.മനോജ് ജെ പാലക്കുടി (സൈബറിടത്തിലെ സാഹിത്യരചനയും വായനയും) ശ്രീ.ടോം സെബാസ്റ്റ്യൻ വയലിൽ (മാറുന്ന പഠനമേഖലകളും പുത്തൻസാധ്യതകളും -ഡേറ്റാ സയൻസ്) എന്നിവർ സെമിനാറുകൾ നയിച്ചു. വിവിധ സാഹിത്യ രൂപങ്ങളെ കുട്ടികൾക്കു പുതുതായി പരിചയപ്പെടുത്തിയതു കൂടാതെ കുട്ടികളുടെയും മുതിർന്നവരുടെയും സാഹിത്യ അഭിരുചികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മലയാളം മിഷൻ പ്രത്യേക ഫേസ്ബുക്ക് പേജും പ്രവർത്തനം ആരംഭിച്ചു. അദ്ധ്യാപകരുടെ നേതൃത്വത്തിൽ മലയാള സാഹിത്യ സൃഷ്ടികൾ പരിചയപ്പെടുത്തുന്ന " പുസ്തക പരിചയം '' "വീഡിയോ പംക്തിയും നടത്തി വരുന്നു .

സുഗതാഞ്ജലി കാവ്യാലാപന മത്സരം-

മലയാളം മിഷൻ ആഗോളതലത്തിൽ സംഘടിപ്പിക്കുന്ന സുഗതാഞ്ജലി കാവ്യാലാപന മത്സരത്തിന്റെ ഭാഗമായി കുവൈറ്റ് ചാപ്റ്റർ സംഘടിപ്പിച്ച മത്സര പരിപാടിയിൽ മേഖലയെ പ്രതിനിധീകരിച്ച് മിലിയ അന്ന രാജേഷ്, ആൻട്രീസാ അഖിൽ (സബ് ജൂനിയേഴ്സ് ) എയ്ഡൻ എയ്ഡൻ അഖിൽ, ജോവന്ന ജീൻരാജ് (ജൂണിയർ 1 എന്നിവർ പങ്കെടുത്തു.മികച്ച പ്രകടനം കാഴ്ചവെച്ചു. പങ്കെടുത്ത കുട്ടികളെ പ്രത്യേകം ആദരിച്ചു.

ലൈബ്രറി പ്രവർത്തനങ്ങൾ- പഠന കേന്ദ്രങ്ങളോട് അനുബന്ധിച്ച് ബാലദീപ്തി വായനശാലകൾ പ്രവർത്തിക്കുന്നു. കുട്ടികളിൽ വായനാശീലം വളർത്താൻ ഇത് സഹായിക്കുന്നു.

കലാസാഹിത്യസാംസ്കാരിക പരിപാടികൾ -

ഓണം, ക്രിസ്തുമസ് മറ്റു പ്രത്യേക ദിവസങ്ങൾ എന്നിവയോട് അനുബന്ധിച്ച് കുട്ടികളുടെ വിവിധ കലാ സാംസ്കാരിക പരിപാടികൾ അരങ്ങേറി .കേരളപ്പിറവി, സ്വാതന്ത്ര്യ ദിനാഘോഷം, റിപ്പബ്ലിക് ഡേ ,വായനാദിനം തുടങ്ങിയവയും സമുചിതമായി ആചരിച്ചു . അബ്ബാസിയാഏരിയാ പഠനകേന്ദ്രത്തിൽ ചന്ദ്രയാൻ 3 സോഫ്റ്റ്ലാന്റിംഗ് നടന്ന അതേ ദിവസം ഇതിന്റെ ദൃശ്യങ്ങൾ ഉൾപ്പെടുത്തിയ പ്രത്യേക വീഡിയോ പ്രദർശനം കുട്ടികൾക്ക് വേറിട്ട അനുഭവമായി

നന്ദി-

SMCA കുവൈറ്റ് മലയാളംമിഷൻ മേഖലയുടെ 2023 - 24 പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുകയും സഹകരിക്കുകയും ചെയ്യുന്ന.SMCA പ്രസിഡന്റ് ശ്രീ.സുനിൽ റാപ്പുഴ, ട്രഷറർ ശ്രീ.ജോർജ് തെക്കേൽ ,കുവൈറ്റ് ചാപ്റ്ററിലെ SMCA പ്രതിനിധികൾ ആയ ശ്രീ ഷാജിമോൻ ഇരേത്ര, ശ്രീ ബോബിൻ ജോർജ് (ചാപ്റ്റർ വൈസ് പ്രസിഡന്റ്)മറ്റു ചാപ്റ്റർ അംഗങ്ങൾ, SMCA മലയാളം മിഷൻ മേഖല പ്രവർത്തനങ്ങളുടെ ചുമതല വഹിക്കുന്ന വൈസ് പ്രസിഡന്റ് ശ്രീ. ബോബി കയ്യാലപറമ്പിൽ, മേഖല ഓഫീസിന്റെ ചുമതലകൾ നിർവഹിക്കുന്ന ശ്രീ അനീഷ് അഗസ്റ്റിൻ, IT കോർഡിനേറ്റർമാരായ ശ്രീ ടോം വയലിൽ, ശ്രീ ജാനക്സ്, , ശ്രീ അനീഷ് ഫിലിപ്പ് ശ്രീ ജോബ്, ശ്രീ. സുദീപ്, ശ്രീ.ഫ്രാൻസിസ് പോൾ എന്നിവരെയും ഏരിയാ പഠന കേന്ദ്രങ്ങളുടെ ഹെഡ് മാസ്റ്റർമാർ ആയ ശ്രീ റെജിമോൻ സേവിയർ ( അബ്ബാസിയ), ശ്രീ മഞ്ജുസ് (സാൽമിയ), ശ്രീ സൈൻ (ഫഹാഹിൽ ), ശ്രീ സജി കെ ജോൺ (സിറ്റി ഫർവാനിയ) എന്നിവരെയും ഏരിയാ മലയാളം പഠനകേന്ദ്രങ്ങളുടെ ചുമതല വഹിക്കുന്ന ഏരിയ ജോയിന്റ് കൺവീനർമാർ ശ്രീ മാത്യുസ് പാലൂക്കുന്നേൽ അബ്ബാസിയ, ശ്രീ സിബി ഡോമനിക് സാൽമിയ, ശ്രീ സംഗീത് കുര്യൻ സിറ്റി ഫർവാനിയ, ശ്രീ സൈൻ വിൻസി ഫഹാഹീൽ എന്നിവരെയും എല്ലാ വിധ സഹായ സഹകരണങ്ങളും നൽകി ഒപ്പമായിരുന്ന SMCA കുവൈറ്റ് അബ്ബാസിയ ഏരിയ കൺവീനർ ശ്രീ ഷാജു ദേവസി, ഫഹാഹിൽ ഏരിയ കൺവീനർ ശ്രീ അജോഷ് ആന്റണി, സാൽമിയ ഏരിയ കൺവീനർ ശ്രീ ടോം ഇടയോടി, സിറ്റി ഫർവാനിയ ഏരിയ കൺവീനർ ശ്രീ സെബാസ്റ്റ്യൻ പോൾ എന്നിവരെയും,CMC, ഏരിയ ,സോണൽ കമ്മിറ്റി അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

പ്രത്യേകമായി തിരക്കുകൾക്കിടയിലും സമയം കണ്ടെത്തി നിസ്വാർത്ഥ സേവനം ചെയ്യുന്ന എല്ലാ ബഹു. അദ്ധ്യാപകരെയും വോളന്റിയേസിനെയും മലയാളം ക്ലാസ്സുകളിൽ കുട്ടികളെ അയച്ച മാതാപിതാക്കളെയും താൽപര്യപൂർവ്വം ക്ലാസ്സുകളിൽ പങ്കെടുക്കുന്ന കുട്ടികളെയും സംഘടനയുടെ പേരിലുള്ള പ്രത്യേകമായ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**SMYM**

സിറോ മലബാർ സഭയുടെ യുവജനങ്ങളുടെ കൂട്ടായ്മയായ SMYM പ്രസിഡന്റ് ശ്രീ ജിജിൽ മാത്യുവിന്റെ നേതൃത്വത്തിൽ മികച്ച പ്രകടനം കാഴ്ച വച്ചു മുന്നേറുന്നു.. യുവജനങ്ങൾ കുടുംബത്തിനും സഭക്കും സമൂഹത്തിനും എന്ന മുദ്രാവാക്യവുമായി SMYM SMCA കുവൈറ്റിനോട് തോളോട് തോൾ ചേർന്ന് പ്രവർത്തിക്കുന്നു. ദുക്രറാന തിരുനാൾ ആഘോഷത്തിൽ 50 അധികം SMYM പ്രവർത്തകരെ സ്റ്റേജിലും പിന്നണിയിലും അണിനിരത്തി ദുക്രറാന തിരുനാൾ ആഘോഷങ്ങളുടെ വിജയത്തിൽ മുഖ്യപങ്കു വഹിക്കുവാൻ SMYM നു സാധിച്ചു. SMCA കുവൈറ്റ് ഈ വർഷം നടത്തിയ എല്ലാ പരിപാടികളുടെ വിജയത്തിന് പിന്നിലും SMYM ചുണക്കുട്ടൻമാരുടെ കരങ്ങൾ ഉണ്ടായിരുന്നു.

## വിമൻസ് വിംഗ്

SMCA കുവൈറ്റ് 29 വർഷത്തെ സുത്യാർഹമായ സേവന കാലഘട്ടം പിന്നിടുമ്പോൾ സംഘടനയിലെ വനിതാ അംഗങ്ങളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ അവസരങ്ങൾ നൽകുവാൻ പൊതുയോഗതീരുമാനപ്രകാരം SMCA വിമൻസ് വിംഗ് രൂപീകരിക്കുകയും

ഒരു ആഡ്ഹോക് കമ്മിറ്റി നിലവിൽ വരുകയും ചെയ്തു. ആഡ്ഹോക് കമ്മിറ്റി അംഗങ്ങൾ താഴെ പറയുന്നവരാണ്. ലിറ്റസി സെബാസ്റ്റ്യൻ, റിൻസി തോമസ്, ജിജിമോൾ ബോബി, ഷിജി വർഗീസ്, ഷീന സുനിൽ എന്നിവർ. തുടർന്ന് CMC യുടെ പ്രത്യക തീരുമാനപ്രകാരം വിമൻസ് വിങ്ങിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുവാൻ അംഗങ്ങളിൽ നിന്നും തിരഞ്ഞെടുപ്പിലൂടെ ലിറ്റസി സെബാസ്റ്റ്യനെ ആഡ്ഹോക് കമ്മിറ്റി പ്രസിഡന്റ് ആയും ട്രിൻസി ഷാജുവിനെ സെക്രട്ടറി ആയും, റിൻസി തോമസിനെ ട്രെഷററായും തിരഞ്ഞെടുത്തു ഒരു മൂന്നംഗ കമ്മിറ്റിയെ രൂപീകരിച്ചു. വരും കാലങ്ങളിൽ വിമൻസ് വിങ്ങിന്റെ പ്രവർത്തനങ്ങൾ പുതിയ തലത്തിലേക്ക് ഉയരും എന്ന് നമ്മുക്ക് പ്രത്യാശിക്കാം. St തോമസ് ഡേ ആഘോഷണങ്ങളുടെ വിജയത്തിലും ബാലദീപ്തി കുട്ടികളുടെ ക്യാമ്പിന്റെ വിജയത്തിന് പിന്നിലും വിമൻസ് വിംഗിന്റെ പങ്കു എടുത്തു പറയുന്നു.

### ക്യാൻസൽ ബോധവത്കരണ സെമിനാർ

SMCA Women's Wing ന്റെ ആഭിമുഖ്യത്തിൽ അംഗങ്ങൾക്കായി Breast Cancer Awareness സെമിനാർ, ജനുവരി 26 വെള്ളിയാഴ്ച വൈകുന്നേരം 4:30 മുതൽ 8:00 വരെ, അബ്ബാസിയ SMCA ഹാളിൽ വച്ച് നടത്തപ്പെട്ടു. SMCA വിമൻസ് വിങ് അഡ്ഹോക് കമ്മിറ്റി പ്രസിഡന്റ് ശ്രീമതി ലിറ്റ്സി എലിസബത്ത് തോമസ് അധ്യക്ഷത വഹിച്ച യോഗത്തിൽ, ട്രിൻസി ഷാജു എല്ലാവരെയും സ്വാഗതം ചെയ്തു സംസാരിച്ചു. SMCA പ്രസിഡന്റ് ശ്രീ. സുനിൽ റാപ്പുഴ ആശംസകൾ അർപ്പിച്ചു. പ്രസ്തുത സെമിനാറിൽ Dr. Susovana Sujith Nair (Oncologist-Kuwait Cancer Center), ആകർഷകവും വ്യക്തവും ഹൃദ്യവുമായി ലളിതമായ ഭാഷയിൽ ക്ലാസുകൾ നയിക്കുകയും, പങ്കെടുത്തവർക്കായി പരിശോധന നടത്തുകയും ചെയ്തു. സെമിനാറിൽ വച്ച് ശ്രീമതി ഷീന സുനിൽ തന്റെ അനുഭവസാക്ഷ്യം പങ്കുവച്ചത് വളരെ മനോഹരവും ഹൃദയസ്പർശിയുമായിരുന്നു. ക്ലാസ്സുകൾക്കുശേഷമുള്ള ചോദ്യോത്തര പരിപാടിയിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു..SMCA സെൻട്രൽ കമ്മിറ്റിയുടെയും അബ്ബാസിയ ഏരിയ കമ്മിറ്റിയുടെയും സഹായസഹകരണങ്ങൾ പരിപാടിയുടെ വിജയത്തിന് മാറ്റുകൂട്ടി. നാലുമണിമുതൽ പങ്കെടുക്കുന്നവരുടെ രെജിസ്ട്രേഷൻ നടത്തുന്നതിനും മറ്റും സഹകരിച്ചവരെയും, പരിശോധനയ്ക്കായി ഡോക്ടറെ സഹായിച്ചവരെയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു.

### SMCA ഏരിയ പ്രവർത്തനങ്ങൾ

SMCA യുടെ വളർച്ചയിൽ 4 ഏരിയകളിലെയും പ്രവർത്തനം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. കേന്ദ്ര ഭരണ സമിതിയുടെ നയങ്ങളും പരിപാടികളും നടപ്പിലാക്കുന്നതും അംഗത്വം അടക്കമുള്ള എല്ലാ കാര്യങ്ങളും ഏരിയ സോണൽ ഭരണസമിതികളുടെ പ്രവർത്തന മികവിനേ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. 28 മത് പ്രവർത്തന വർഷം 4 ഏരിയാകളിലും മികവാർന്ന പ്രകടനം ആണ് കാഴ്ച വച്ചത്. ഏരിയ പ്രവർത്തനങ്ങൾക്ക് നേതൃത്തം നൽകിയ ഏരിയ ജനറൽ കൺവീനർമാരായ ശ്രീ ഷാജു ദേവസി, ശ്രീ ടോം ഇടയോടി, ശ്രീ സെബാസ്റ്റ്യൻ പോൾ, ശ്രീ അജോഷ് ആന്റണി എന്നിവർക്കും അവരുടെ ടീം അംഗങ്ങൾക്കും നന്ദി രേഖപെടുത്തുന്നു.

### SMCA അംഗത്വം

2023 - 24 പ്രവർത്തനവർഷത്തിൽ SMCA യുടെ ആകെ അംഗംസംഖ്യ 2654 ആണ്.

അബ്ബാസിയ – 1420 (1434 in 2022-23)

സിറ്റി ഫർവാനിയ – 210 (221 in 2022-23)

ഫഹഹീൽ - 637 (634 in 2022-23)

സാൽമിയ – 387 (376 in 2022 – 23)

എന്നിങ്ങനേയാണ് ഏരിയ തിരിച്ചുള്ള അംഗസംഖ്യ

ഈ വർഷം പുതുതായി ഫാമിലി മെമ്പർഷിപ്പും സിംഗിൾ മെമ്പർഷിപ്പും അടക്കം 198 പേര് പുതുതായി ഈ സംഘടയിൽ ചേർന്നു. 2022-23 പ്രവർത്തന വർഷത്തിലെ ആകെയുള്ള 2665 അംഗങ്ങളിൽ നിന്നും 11 അംഗങ്ങളുടെ കുറവാണു ഈ വർഷം രേഖപ്പെടുത്തിയത്. മറ്റു രാജ്യങ്ങളിലേക്കുള്ള അംഗങ്ങളുടെ കുടിയേറ്റം നമ്മക്ക് ഒരു വെല്ലുവിളിയാണ്. മെമ്പർഷിപ് നടപടിക്രമങ്ങൾ കൃത്യമായി നിർവഹിച്ച ഓഫീസ് സെക്രട്ടറി ശ്രീ ജിജിമോൻ കുര്യാള, ഏരിയ സെക്രട്ടറിമാർ, ശ്രീ മാത്യു ഫിലിപ്പ് മാർട്ടിൻ, ശ്രീ ജെയിംസ് മോഹൻ, ശ്രീ തോമസ് കറുകകളം, ശ്രീ നിഷാദ് മാത്യു, എന്നിവരെയും സബ്ക്രിപ്ഷൻ പുതുക്കുന്നത്, റാഫിൾ കൂപ്പൺ ഉൾപ്പെടെയുള്ള സാമ്പത്തികപ്രവർത്തനങ്ങൾക്ക് നേതൃത്തം നൽകിയ സെൻട്രൽ ട്രെഷർ ശ്രീ ജോർജ് തെക്കേൽ, ജോയിന്റ് ട്രെഷർ ശ്രീ തോമസ് മുണ്ടിയാനിയിൽ, ഏരിയ ട്രെഷർമാരായ ശ്രീ റീജോ ജോർജ്, ശ്രീ ഡിസിൽവ ജോൺ, ശ്രീ ഫ്രാൻസിസ് പോൾ, ശ്രീ സഞ്ജയ് ജോൺ എന്നിവരെയും അവരോടൊപ്പം പ്രവൃത്തിച്ച സോണൽ ട്രെഷർമാരെയും നന്ദിയോടെ ഓർക്കുന്നു. മെമ്പർഷിപ് റിന്യൂവൽ ബൈലോ അനുശാസിക്കുന്ന വിധത്തിൽ ഒക്ടോബർ 31നു തന്നെ പൂർത്തിയാക്കാനും വെബ്സൈറ്റ് അപ്ഡേഷൻ നടത്തി ആദ്യമായി വെബ്സൈറ്റ് വഴി മെമ്പർഷിപ് റിന്യൂവൽ പൂർത്തിയാക്കുവാനും സാധിച്ചത് നമ്മുടെ ഇ വർഷത്തെ പ്രവർത്തനവിജയമാണ്. വെബ്സൈറ്റിൽ അംഗങ്ങളുടെ ഡാറ്റബേസ് അപ്ഡേറ്റ് ചെയ്യുവാനും ഈ വർഷം നമ്മുക്ക് സാധിച്ചു. വെബ്സൈറ്റിനെ പുതിയൊരു തലത്തിലേക്ക് ഉയർത്തി സജീവൻഗംങ്ങൾക്കു മാത്രം ഇ- മെയിൽ സന്ദേശങ്ങൾ അയയ്ക്കാൻ സാധിക്കുന്ന വിധത്തിൽ ആക്കി മാറ്റുവാനും നമ്മുക്ക് സാധിച്ചു . ഇതിന്റെ എല്ലാം ചുക്കാൻ പിടിച്ച വെബ് മാസ്റ്റർ ശ്രീ ആന്റണി മനോജിനെ നന്ദിയോടെ സ്മരിക്കുന്നു

## പ്രസിദ്ധികരണങ്ങളും സർക്കുലറുകളും

28 മത് പ്രവർത്തന വർഷം 12 സർക്കുലറുകളും 2 ഇലക്ഷൻ നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചു. ഇതു കൂടാതെ വാട്ട്സ്ആപ്പ്, ഇമെയിൽ , MOBILE APP NOTIFICATION , മെസ്സേജുകൾ, ഫ്ളയറുകൾ എന്നിങ്ങനെ നിരവധിഅറിയിപ്പുകളും അംഗങ്ങളിൽ എത്തിച്ചു. ജനറൽ സെക്രട്ടറി ഏരിയ സെക്രട്ടറിമാർ , സോണൽ സെക്രട്ടറിമാർ എന്നിവർ ഉൾപ്പെടുന്ന കമ്മ്യൂണിക്കേഷൻ വളരെ മനോഹരമായും കൃത്യമായും പ്രവർത്തിച്ചു. കേന്ദ്ര ജോയിന്റ് സെക്രട്ടറി ശ്രീ ഡേവിഡ് ആന്റണി ഏരിയ സെക്രട്ടറിമാർ, സോണൽ സെക്രട്ടറിമാർ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

## വാർഷിക സുവനിർ

ഈ വർഷം ഈസ്റ്റർ മെഗാ പ്രോഗ്രാമിനോട് അനുബന്ധിചാണ് നമ്മൾ സുവനിർ പുറത്തിറക്കിയിരിക്കുന്നത്. മേജർ അർച്ചു ബിഷപ്, വത്തിക്കാൻ നൂൺഷോ, സിറോ

മലബാർ മൈഗ്രെന്റ് കമ്മിഷൻ ചെയർമാൻ, കുവൈറ്റിലെ ഇന്ത്യൻ സ്ഥാനപതി എപ്പിസ്കോപൽ വികാർ, AKCC ഗ്ലോബൽ പ്രസിഡന്റ്, എന്നിവരുടെ സന്ദേശങ്ങൾ ഉൾകൊള്ളിച്ചു കൊണ്ട് പുറത്തിറക്കിയ 102 പേജ് സുവനിറിൽ സഹകരിച്ച വാണിജ്യ വക്തിഗത പരസ്യ ദാതക്കളെയും എഡിറ്റൊരിയൽ ജോലികൾ ചെയ്ത കേന്ദ്ര മീഡിയ കോഡിനേറ്റർ ശ്രീ സുദീപ് ജോസഫ്, കമ്മിറ്റി അംഗങ്ങൾ ഡിലിഷ് ആഗസ്റ്റി, സി ഡി ബിജു, ഏരിയ മീഡിയ കോഡിനേറ്റർമാർ ശ്രീ ടോബി മാത്യു, ജിസ്സ് ജോസഫ്, നിജിത് ജോസഫ്, ഷിജോ പൈലി എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു

**SMCA കുവൈറ്റ് ചരിത്ര പുസ്തകം**

SMCA കുവൈറ്റ് ഇതിഹാസ ചരിത്രവും ഈ സംഘടനയിലൂടെ ഗൾഫ് മേഖലയിലെ സിറോ മലബാർ സഭക്കു ലഭിച്ച ആരാധന സ്വാതന്ത്രവും, സിറോ മലബാർ സഭക്കും ഗൾഫ് മേഖലയിലെ ഉപജീവനം തേടി എത്തപ്പെട്ട സഭമക്കൾക്കും നൽകിയ സംഭാവനകളും ചരിത്രത്തിൽ സുവർണ ലിപികളിൽ ചേർക്കപ്പെട്ടിരിക്കുകയാണ്. ഈ ചരിത്രം സത്യങ്ങൾ വരുന്ന തലമുറക്കായി ഒരു പുസ്തക രൂപത്തിലാക്കുവാനുള്ള ശ്രമങ്ങൾ 29 മത് ഭരണസമിതി ആരംഭിക്കുകയും അതിന്റെ പൂർത്തികരണ പ്രക്രിയയിലും ആണ്. ഈ ചരിത്രപുസ്തകം തയ്യാറാക്കുവാൻ ഈ ഭരണസമിതി സ്ഥാപകാഗം ശ്രീ സൈജു മുളകുപാടം, ശ്രീ രാജേഷ് കൂത്രപ്പള്ളി, മുൻ പ്രസിഡന്റ്മാർ ആയ ശ്രീ ബെന്നി നാൽപതാകളം, ശ്രീ സാൻസിലാൽ, എന്നിവർ അടങ്ങുന്ന ഒരു സമിതിക്കു രൂപം നൽകുകയും ആ സമിതി നിരവധി തവണ യോഗം ചേർന്ന് അതിന്റെ പ്രാവർത്തനങ്ങളുമായി മുന്നോട്ടുപോവുകയും ആണ്. SMCA കുവൈറ്റിന് ഒരു ചരിത്ര പുസ്തകം എന്ന ആശയം അവതരിപ്പിച്ച അബ്ബാസിയ ഏരിയ കമ്മിറ്റിക്കു അഭിനന്ദങ്ങൾ;

**AKCC**

സിറോ മലബാർ സഭയുടെ സമുദായസംഘടനയായ AKCC ഗ്ലോബലുമായി ചേർന്നാണ് SMCA കുവൈറ്റ് പ്രവർത്തിക്കുന്നത്. AKCC ഗ്ലോബലിലെ SMCA പ്രതിനിധികൾ ആയ വൈസ് പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴ, ഗ്ലോബൽ സെക്രട്ടറി ശ്രീ ആന്റണി മനോജ് എന്നിവരുടെ സേവനങ്ങളെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. AKCC ഗ്ലോബൽ വൈസ് പ്രസിഡന്റ് സ്ഥാനത്തു നിന്നും ശ്രീ സുനിൽ രാപ്പുഴയ്ക്ക് പകരമായി ശ്രീ ബോബിൻ ജോർജിന്റെ പേര് 27 മത് ഭരണസമിതി നിർദേശിക്കുകയും AKCC അത് അംഗീകരിക്കുകയും ചെയ്തു.

കൽപറ്റയിൽ വച്ച് AKCC 105മതു വാർഷികത്തിലും തുടർന്ന് നടത്തിയ വന്യജിവി ഭീഷണിക്കെതിരെ ഉള്ള സമരത്തിലും , കാസർഗോഡ് നിന്നും തിരുവന്തപുരം വരെ AKCC ഗ്ലോബൽ പ്രസിഡന്റ് അഡ്വക്കേറ്റ് ശ്രീ ബിജു പറയനിലത്തിന്റെ നേതൃത്വത്തിൽ നടത്തിയ അതിജീവന യാത്രയിലും SMCA കുവൈറ്റിനെ പ്രതിനിധികരിച്ചു AKCC ഗ്ലോബൽ സെക്രട്ടറി ശ്രീ ആന്റണി മനോജ് പങ്കെടുക്കുകയും SMCA കുവൈറ്റിന്റെ പിന്തുണ അറിയിക്കുകയും ചെയ്തു. കൂടാതെ AKCC യുടെ എല്ലാ നയാ രൂപീകരണ സമ്മേളനങ്ങളിലും AKCC യിലെ SMCA കുവൈറ്റ് പ്രതിനിധികൾ ശ്രീ ബോബ്ബിന് ജോർജിന്റെയും ശ്രീ ആന്റണി മനോജിന്റെയും സജീവ സാന്നിദ്യവും ഇടപെടലും ഉണ്ടായിരുന്നു

AKCC ഗ്ലോബൽ നിലവിലെ കമ്മിറ്റിയുടെ കാലാവധി പൂർത്തിയാക്കുന്ന അവസരത്തിൽ AKCC യുടെ നിർദേശം അനുസരിച്ചു AKCC ഗ്ലോബലിലേ SMCA പ്രതിനിധികൾ ആയി CMC യുടെ തീരുമാനപ്രകാരം നിലവിലെ CMC അംഗങ്ങളായ വൈസ് പ്രസിഡന്റ് ശ്രീ ബോബി കയ്യാലപറമ്പിൽ, കൾച്ചറൽ കമ്മിറ്റി കൺവീനർ ശ്രീ സന്തോഷ് ഓടേട്ടിൽ എന്നിവരുടെ പേരുവിവരങ്ങൾ AKCC ക്ക് നൽകുകയും അംഗീകാരത്തിനായി കാത്തിരിക്കുകയും ആണ്.

### വികാരിയേറ്റ്മായി ചേർന്നുള്ള പ്രവർത്തനങ്ങൾ.

നോർത്തേൻ അറേബ്യൻ അപ്പോസ്തോലിക് വികാർ ആയി നിയമിതനായ അഭിവന്ദ്യ ബിഷപ്പ് അൽദോ ബെറാഡിയെ SMCA കുവൈറ്റ് മുഖ്യഭാരവാഹികൾ മുൻ പ്രസിഡന്റ് ശ്രീ സാൻസിലാലിനൊപ്പം ജൂൺ 5 നു സന്ദർശിക്കുകയും SMCA കുവൈറ്റിന്റെ അനുമോദനങ്ങൾ അറിയിക്കുകയും ചെയ്തു. തദവസരത്തിൽ അദ്ദേഹം SMCA കുവൈറ്റിന്റെ നിയസമാവലിയുടെ ഇംഗ്ലീഷ് പതിപ്പും, വരവ് ചെലവ് കണക്കുകളും ആവശ്യപെട്ടിരുന്നുകുവൈറ്റിലെ 4 ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളോടും സർവത്മന സഹകരിച്ചു കൊണ്ട് വന്ദ്യവൈദികരുടെ നിർദേശാനുസാരണമാണ് SMCA പ്രവർത്തിക്കുന്നത്. ഇടവകയിൽ ആഘോഷിക്കപ്പെടുന്ന മദ്യസ്ഥരുടെ തിരുനാളുകളിലെ നേർച്ചകൾ ഒരുക്കിയത് SMCA കുടുംബയുണിറ്റുകൾ വഴിയാണ്. കൂടാതെ ഓശാനഞായറാഴ്ച നമ്മുടെ ദേവാലയങ്ങളിൽ വിതരണം ചെയ്ത കുരുത്തോല നാട്ടിൽ നിന്നും എത്തിച്ചത് SMCA വഴിയായിരുന്നു. കൂടാതെ പരിശുദ്ധ പിതാവ് മാർ ഫ്രാൻസിസ് മാർപ്പാപ്പയുടെ സ്ഥാനാരോഹണത്തിന്റെ പതിനൊന്നാമത് വാർഷികത്തോടനുബന്ധിച്ചു , കുവൈറ്റിലെ വത്തിക്കാൻ സ്ഥാനപതിയും കുവൈറ്റ്, ബഹറിൻ, ഖത്തർ എന്നി രാജ്യങ്ങളുടെ ചുമതല വഹിക്കുന്ന അപ്പസ്തോലിക് നൂൺഷോ അഭിവന്ദ്യ ആർച്ച്ബിഷപ്പ് മാർ യൂജിൻ മാർട്ടിൻ ന്യൂജൻ പിതാവിന്റെ ക്ഷണം സ്വീകരിച്ചു കൃതജ്ഞത ബലിയിലും അത്താഴവിരുന്നിലും SMCA കുവൈറ്റ് ഒഫീഷ്യൽസ് പങ്കെടുക്കുകയും പിതാവിനെ ആശംസകൾ അറിയിക്കുകയും ചെയ്തു.

### SMCA യും മാതൃസഭയും

കുവൈറ്റിലെ സീറോ മലബാർ വിശ്വാസികളുടെ ഏക അത്മായ സംഘടനയായ SMCA കുവൈറ്റിന്റെ പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴ, സിറോ മലബാർ സഭ തലവൻ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവുമായി സഭാ ആസ്ഥാനത്തു വച്ചു കൂടി കാഴ്ച നടത്തി. കുവൈറ്റിലെ ഏല്ലാ സീറോ മലബാർ വിശ്വാസികളുടെയും പ്രാർത്ഥനാശംസകൾ അദ്ദേഹത്തെ അറിയിച്ചതോടൊപ്പം ഗൾഫ് മേഖലയിലെ നിലവിലെ സാഹചര്യം ബോധ്യപ്പെടുത്തുകയും ചെയ്തു. വളരെ നിർണ്ണായകമായ നടപടികൾ സഭയുടെ ഭാഗത്തു നിന്നും ഉണ്ടാവും എന്ന് അഭിവന്ദ്യ പിതാവ് SMCA പ്രസിഡന്റിന് ഉറപ്പു നൽകി.തുടർന്ന് അദ്ദേഹം സ്ഥാനമൊഴിഞ്ഞ അഭിവന്ദ്യ കർദിനാൾ മാർ ജോർജ് അലഞ്ചേരി പിതാവുമായും കൂടിക്കാഴ്ച നടത്തി. സിറോ മലബാർ സഭയുടെ ഇന്ത്യക്ക് വെളിയിലെ ആദ്യ അത്മായ കൂട്ടായ്മയായ SMCA കുവൈറ്റ് രൂപീകരണത്തോടെയാണ് ഗൾഫിലെ സഭാമക്കളെ ഒരു കുട കീഴിൽ ഒരുമിച്ചു കൂട്ടി അവരുടെ ആത്മീയകാര്യങ്ങളിൽ ഗണ്യമായ നേട്ടം കൈവരിക്കാൻ സാധിച്ചത്. ആയതിനാൽ ഇത്തരം കൂടിക്കാഴ്ചകളെ കുവൈറ്റിലെ മാത്രമല്ല ഗൾഫ് മേഖല മുഴുവൻ

ഉള്ള പ്രവാസ സഭാ  സമൂഹം ഏറെ പ്രതിക്ഷകളോടെയാണ് നോക്കി കാണുന്നത്. കൂടാതെ കുവൈറ്റ് വികാരിയേറ്റിന്റെ ക്ഷണം സ്വികരിച്ചു ആഘോഷമായ ആദ്യ കുർബാന സ്വികരണത്തിനു കാർമികത്വം വഹിക്കാൻ കുവൈറ്റിൽ എത്തിച്ചേർന്ന അദിലബാദ് ബിഷപ് മാർ പ്രിൻസ് പണങ്ങടാൻ പിതാവ്, രാമനാഥപുരം ബിഷപ്പ് മാർ പോൾ ആലപ്പാട്ട് പിതാവ് എന്നിവർ SMCA കുവൈറ്റിന്റെ വിവിധ പരിപാടികളിൽ പങ്കെടുക്കുകയും നമ്മുക്ക് വേണ്ട മാർഗനിർദേശങ്ങൾ നൽകുകയും ചെയ്തു. അഭിവന്ദ്യ പിതാക്കൻമാരെയും നന്ദിയോടെ സ്മരിക്കുന്നു

## ഇന്ത്യൻ എംബസിയുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ

2023 മെയ് 21 നു ഇന്ത്യൻ എംബസി ഫസ്റ്റ് സെക്രട്ടറിമായി എക്സ് ഓഫീഷോ അംഗങ്ങൾ കൂടിക്കാഴ്ച നടത്തുകയും ബ്ലഡ് ബാങ്കിൽ നിന്നും ട്രാൻസ്ഫർ ചെയ്യുന്ന ബ്ലഡിന് 20 KD വീതം ഏർപ്പെടുത്താനുള്ള കുവൈറ്റ് ആരോഗ്യ മന്ത്രലയത്തിന്റെ പുതിയ ഉത്തരവിലെ ആശങ്ക അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. കുവൈറ്റ് അധികാരികളുമായി ഈ വിഷയം ചർച്ച ചെയ്തു ഉചിതമായ തീരുമാനത്തിൽ എത്തിക്കാം എന്ന് അദ്ദേഹം സംഘടന ഭാരവാഹികൾക്ക് ഉറപ്പു നൽകുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തു. കൂടാതെ ഇന്ത്യൻ എമ്പസിയുടെ ക്ഷണം സ്വികരിച്ച് SMCA പ്രസിഡന്റ് ശ്രീ സുനിൽ റാപ്പുഴ, ഓഗസ്റ്റ് 23 നു 5:00 pm മുതൽ സാൽമിയ മിലേനിയം ഹോട്ടൽ ആൻഡ് കൺവെൻഷൻ സെൻട്രറിൽ വച്ചു നടന്ന ഇന്ത്യയുടെ 72 മത് സ്വാതന്ത്രദിനാഘോഷങ്ങളിൽ പങ്കെടുത്തു. ചന്ദ്രയാൻ 3 ന്റെ വിജയവും കുവൈറ്റിൽ ഹ്യസ്യസന്ദർശത്തിനായി എത്തിയ വിദേശകാര്യസഹമന്ത്രി ശ്രീ മുരളീധരൻ അവർകളുടെ സാന്നിധ്യവും ആഘോഷപരിപാടികൾക്ക് ഇരട്ടി മധുരം നൽകി

## റിട്ടേണിസു ഫോറവുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ.

SMCA കുവൈറ്റ് നെ സംബദ്ധിച്ചിടത്തോളം കുവൈറ്റിൽ നിന്നും മടങ്ങുന്ന അംഗങ്ങൾ സംഘടനയോടുള്ള പൊക്കിൾ കൊടി ബന്ധം നിലനിർത്തി കൊണ്ട് തന്നെ SMCA KRF എന്ന പേരിൽ സംഘടിക്കുന്നത് സംഘടനക്കു മുതൽക്കൂട്ടാണ്. പ്രവാസത്തിനു ശേഷം പരസ്പരം ഉള്ള കൂട്ടായ്മ നിലനിറുത്തുന്നതിലൂടെ സാമൂഹികവും വ്യക്തിപരവുമായ ഒറ്റപെടലിൽ നിന്നും ആശ്വാസം ലഭിക്കുമെന്ന് മാത്രമല്ല പരസ്പരം താങ്ങും തണലും ആകുവാനും നമ്മുക്ക് സാധിക്കും. ജൂലൈ 26 ന് സെന്റ് തോമസ് മൗണ്ട് കാക്കനാട് വച്ചു നടന്ന KRF വാർഷിക പൊതുയോഗത്തിൽ SMCA ജനറൽ സെക്രട്ടറി ശ്രീ ബിനു ഗ്രിഗറി പങ്കെടുക്കുകയും KRF ന് എല്ലാ വിധ പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു. KRF പ്രസിഡന്റ് ശ്രീ ജേക്കബ് പൈനാടത്തു, മുൻ ജനറൽ സെക്രട്ടറി ശ്രീ ജോയ് തുമ്പശ്ശേരിയിൽ, ഇപ്പോഴത്തെ ജനറൽ സെക്രട്ടറി ശ്രീ തോമസ് ലോനപ്പൻ, ട്രെഷർ ശ്രീ ജോർജ് മാത്യു മറ്റു ഭരണസമിതി അംഗങ്ങൾ KRF അംഗങ്ങൾ എല്ലാവർക്കും ഈ കഴിഞ്ഞ കാലയളവിൽ SMCA എല്ലാവിധ പിന്തുണക്കും നന്ദി പറയുന്നു. നമ്മുടെ ഒന്നാം മാർത്തോമാ തീർഥടനത്തിന്റെ വിജയത്തിന് പിന്നിലും KRF ന്റെ സഹകരണം എടുത്തു പറയട്ടെ

## അനുശോചനം

കുവൈറ്റ് അമിറിന്റെ നിര്യാണത്തിൽ SMCA കുവൈറ്റിന്റെ അനുശോചനം അറിയിക്കുവാനായി ഒരു അടിയന്തിര യോഗം ഡിസംബർ 18 വൈകുന്നേരം 7:30 നു SMCA ഹാളിൽ വച്ചു ചേർന്നു. കുവൈറ്റ് അമീർ ഷെയ്ഖ് നവാഫ് അൽ അഹമ്മദ് അൽ ജാബർ അൽ സബ പ്രവാസി സമൂഹത്തേയും പ്രത്യേകിച്ച് ഇന്ത്യൻ സമൂഹത്തേയും ഇന്ത്യയെയും ഒത്തിരി സ്നേഹിച്ച ഭരണാധികാരി ആയിരുന്നു എന്നും അദ്ദേഹത്തിന്റെ വിയോഗത്തിൽ ദുഖിക്കുന്ന കുടുംബംഗങ്ങളുടെയും കുവൈറ്റ് ജനതയുടെയും ദുഖത്തിൽ പങ്കു ചേരുന്നതായി SMCA പ്രസിഡന്റ് ശ്രീ സുനിൽ രാപ്പുഴ അഭിപ്രയപ്പെട്ടു. CMC അംഗങ്ങൾ, മുൻ ഭാരവാഹികൾ, സജിവാഗംങ്ങൾ എന്നിങ്ങനെ നിരവധി അംഗങ്ങൾ പ്രസ്തുത അനുശോചന സമ്മേളനത്തിൽ പങ്കെടുക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

**ഉപസംഹാരം**

SMCA കുവൈറ്റിന്റെ 28 മത് ഭരണസമിതി ഒരു വർഷകാലം പൂർത്തിയാക്കി പടിയിറങ്ങുബോൾ എല്ലാം മനോഹരമായിരുന്നു എന്ന് അവകാശപ്പെടുന്നില്ല. എങ്കിലും പരിമിതികൾക്കിടയിലും പ്രതിസന്ധികൾക്കിടയിലും നിന്ന് കൊണ്ട് സാധിക്കുന്ന വിധത്തിൽ വളരെ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വയ്ക്കുവാൻ നമ്മുക്ക് സാധിച്ചിട്ടുണ്ട്. വിഴ്ചകൾ ഉണ്ടായിട്ടുണ്ട്. വിഴ്ചയിൽ താങ്ങായി തണലായി നിന്നവരെ നന്ദിയോടെ സ്മരിക്കട്ടെ. നമ്മുടെ രക്ഷധികാരിയാ സിറോ മലബാർ സഭയുടെ പിതാവും തലവനുമായ മാർ രാഫൽ തട്ടിൽ, സ്ഥാനമൊഴിഞ്ഞ അഭിവദ്യ കാർഡിനാൽ മാർ ജോർജ് അലഞ്ചേരി പിതാവ്, മൈഗ്രെന്റ് കമ്മീഷൻ ചെയർമാൻ മാർ പ്രിൻസ് പണങ്ങടാൻ, നോർത്തേൺ അറേബ്യ അപോസ്റ്റോലിക് വികാർ മാർ ആൾദോ ബെറാടി, എപ്പസ്കോപൽ വികാർ ജോണി ലോനിസ് മഴവചേരി അച്ചൻ, അബ്ബാസിയ സൈന്റ് ഡാനിയേൽ കമ്പോനി ഇടവക അസിസ്റ്റന്റ് വികാർ ബഹുമാനപ്പെട്ട ജോയ് അച്ചൻ, ഹോളി ഫാമിലി കത്തിഡ്രൽ അസിസ്റ്റന്റ് വികാരി സോജൻ പോൾ, സാൽമിയ സെന്റ് തെരേസ ചർച്ചു അസിസ്റ്റന്റ് വികാരി ജോൺസൻ നെടുപുറത്തു അഹമ്മദ്ധി our ലേഡി ഓഫ് അറേബ്യ അസിസ്റ്റന്റ് വികാർ ജിജോ തോമസ് അച്ചൻ എന്നിവരെയും എല്ലാ പാരിഷ് കമ്മിറ്റി അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

28 മത് ഭരണസമിതിക്കു ചുക്കാൻ പിടിച്ച പ്രസിഡന്റ് ശ്രീ സുനിൽ രാപ്പുഴ, ട്രെഷർ ശ്രീ ജോർജ് തെക്കേൽ, സബ് കമ്മിറ്റി കൺവിനർമാർ, CMC അംഗങ്ങൾ, SMCA കുവൈറ്റിന്റെ നേടും തൂണുകൾ ആയ നാല് ഏരിയകളെ നയിക്കുന്ന ചുണകുട്ടൻമ്മാർ, ഷാജു ദേവസി അബ്ബാസിയ, ടോം ഇടയോടി സാൽമിയ, സെബാസ്റ്റ്യൻ പോൾ സിറ്റി ഫർവാനിയ, അജോഷ് ആന്റണി ഫഹഹീൽ എന്നിവരെയും കമ്മിറ്റി അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു. പൊതു സമൂഹത്തിൽ സംഘടനയുടെ വിശ്വസ്വത കത്ത് സൂക്ഷിക്കുന്ന സുതാര്യമായ തിരഞ്ഞെടുപ്പ് പ്രകിയകൾക്കു നേത്ര്യത്തം കൊടുത്ത ചീഫ് ഇലക്ഷന് കമ്മീഷണർ ശ്രീ റെജിമോൻ സേവിയർ ഏരിയ ഇലക്ഷൻ കമ്മിഷണർമാർ, ശ്രീ ജിജു മാത്യു, ശ്രീ ജോസഫ് തെക്കേൽ, ശ്രീ പത്രോസ് ചെങ്ങിനിയാടാൻ, ശ്രീ ജോയ് അരിക്കാട്ടു , സത്യസന്ധമായ സാമ്പത്തിക പ്രവർത്തനങ്ങൾക്കു കാവലാളുകൾ ആയിരിക്കുന്ന ചീഫ് ഓഡിറ്റർ ശ്രീ ജോസഫ് മത്തായി, ഏരിയ ഓഡിറ്റർമാർ ജിമ്മി മാത്യു അബ്ബാസിയ, ബിജോയ് മാത്യു സിറ്റി ഫർവാനിയ , ലിജോ ജോസ് ഫഹാഹീൽ , ഷോയി ജോർജ് ഫഹാഹീൽ എന്നിവരെയും പൊതുയോഗവും അർദ്ധ വാർഷികപൊതുയോഗവും

നിർദേശിച്ച ബൈലോ ഭേദഗതികൾ പഠിച്ചു ഉചിതമായ നിർദേശങ്ങൾ സമർപ്പിച്ച നിയമാവലി പരിഷ്കരണ കമ്മിറ്റി അംഗംങ്ങൾ സണ്ണി ജോൺ, ജിസ് എം ജോസഫ് ഫർവാനിയ, സാൻസിലാൽ ചക്കിയത്തു, ജോബി വർഗീസ് ഫഹഹീൽ, അഡ്വക്കേറ്റ് ലാൽജി ജോർജ്, ആന്റണി കഞ്ഞിക്കര സാൽമിയ, സൈജു മുളകുപാടം, രാജേഷ് ജോർജ് കൂത്രപള്ളി, സന്തോഷ് ചാക്കോ ഓടേട്ടിൽ അബ്ബാസിയ, WOMENS WING പ്രതിനിധികൾ, SMCA മെഗാ പ്രോഗ്രാം മെയിൻ സ്പോൺസർ ആലുക്കാസ് ജ്യൂവെലറി, അൽമുള്ള എക്സ്ചേഞ്ച് , യുണൈറ്റഡ് ലോജിസ്റ്റിക് കമ്പനി, ഗോ സ്കോർ എന്നിവരോടും , കലണ്ടർ സ്പോൺസർ ചെയ്ത ശ്രീ ജിജി പാറേക്കാടനോടും, റാഫിൾ കൂപ്പൺ പ്രിന്റ് ചെയ്തു നൽകുകയും അതിന്റെ മൂന്നാം സമ്മാനം സ്പോൺസർ ചെയ്ത ശ്രീ വർഗീസ് പോളിനോടും, ഒന്നാം സമ്മാനം സ്പോസൻസെർ ചെയ്ത ശ്രീ ജോബി മാറ്റത്തിനോടും , രണ്ടാം സമ്മാനം സ്പോൺസർ ചെയ്ത് ശ്രീ സിജോ ജോസേഫിനോടും , മേക്സിമം കമ്പനി, KK FOOD PRODUCTS , പരസ്യങ്ങൾ  തന്നു സഹായിച്ച എല്ലാ സുമനസുകളോടും SMCA പ്രവർത്തനങ്ങൾക്കു വേദി നൽകി സഹായിച്ച സബാഹിയ റെന്റ് , യുണൈറ്റഡ് ഇന്ത്യൻ സ്കൂൾ , ഇന്ത്യൻ സെൻട്രൽ സ്കൂൾ, പോപ്പിൻസ് ഹാൾ എന്നിവയുടെ മാനേജ്മെന്റുകളോടും SMCA പ്രവർത്തനങ്ങൾ പൊതു സമൂഹത്തിൽ എത്തിക്കുവാൻ പരിശ്രമിച്ച പ്രിന്റ് ഇലക്ട്രോണിക് മീഡിയ പ്രവർത്തകരോടും വിഡിയോ , ഫ്ലയർ എന്നിവ തയ്യാറാക്കുവാനായി മീഡിയ കോഡിനേറ്റർ സുധിപിനൊപ്പം സഹകരിച്ച ശ്രീ ബൈജു ജോസഫ് , ശ്രീ അനീഷ് ഫിലിപ് ,  ശ്രീ ജാൻസ്, ശ്രീ അനിൽ ചേന്നങ്കര എന്നിവരെയും നന്ദിയോടെ ഓർക്കുന്നു വാർഡ് പ്രതിനിധികൾ, കുടുംബ യൂണിറ്റ് ലീഡേർമാർ, എന്നിവരെയും നന്ദിയോടെ സ്മരിക്കട്ടെ. 28 മത് ഭരണസമിതിയുടെ പ്രവർത്തന മേഖലയിൽ താങ്ങും തണലും ശക്തിയും ഓജസ്സുമായി നിന്ന എല്ലാ SMCA കുടുംബാഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

എല്ലാറ്റിനും ഉപരിയായി ഈ കഴിഞ്ഞ പ്രവർത്തന കാലയളവിൽ നമ്മെ കൈപിടിച്ച് നടത്തിയ സർവ്വ ശക്തനായ ദൈവത്തിനു നന്ദി അർപ്പിച്ചു കൊണ്ട് ഈ റിപ്പോർട്ട് നിങ്ങളുടെ അറിവിലേക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്ന

ഉപചാരപൂർവ്വം

28 മത് ഭരണസമിതിക്ക് വേണ്ടി

ബിനു ഗ്രിഗറി

ജനറൽ സെക്രട്ടറി